NERVEEDHI

Volume - 15, Issue - 01, 10th January 2025, Monthly, Price Rs. 25, Published at Kottayam

വാല്യം – 15, ലക്കം – 1, ജനുവരി 2025 – പ്രതിമാസം – വില Rs.25 – പ്രസിദ്ധീകരണം : കോട്ടയം


# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

# ട്രാക്ക് മാറ്റിയ കൂടിക്കാഴ്ച

പേജ് 18



# വിലയേറിയതെന്തെന്നു തിരിച്ചറിയുവാൻ

വിലയേറിയതെന്തെന്നു തിരിച്ചറിയുവാൻ കഴിയണമെങ്കിൽ, അത് ഭൗതികമായാലും ആത്മികമായാലും വളർച്ചയുള്ളവർക്കു മാത്രമേ കഴിയൂ. മനുഷ്യജീവിതം ശരിയായ ലക്ഷ്യത്തിൽ നയിക്കണമെങ്കിൽ മരണത്തിനപ്പുറത്തുള്ളതും, എന്നേക്കും നിലനിൽക്കുന്നതും, വിലയേറിയതും ഏതെന്ന് വ്യക്തമായ ബോധ്യം അനിവാര്യമാണ്. ലോകത്തിൽ നാം കാണുന്നതെല്ലാം വെള്ളത്തിൻകുമിള പോലെ നൈമിഷികവും നശ്വരവും ആണ്. ഇപ്പോൾ കാണാൻ കഴിയില്ല എങ്കിലും മരണാനന്തര നിത്യതയിൽ നിലനിൽക്കുന്നതു മാത്രമാണ് വിലയേറിയതെന്ന് വിശ്വാസത്താൽ തിരിച്ചറിയുവാൻ കഴിയുന്നുവെങ്കിൽ അത് വലിയ അനുഗ്രഹം തന്നെ. ഉദാഹരണമായി കൊച്ചുകുട്ടിയുടെ മുമ്പിൽ ഒരു ചോക്ലേറ്റും 500 രൂപയുടെ നോട്ടും വച്ചുനീട്ടി ഇഷ്ടമുള്ളത് എടുക്കുവാൻ പറഞ്ഞാൽ വിലയേറിയതു ത്യജിച്ച് വിലകുറഞ്ഞതു തിരഞ്ഞെടുക്കും. എന്നാൽ ഒരു മുതിർന്ന വ്യക്തിയാണെങ്കിലോ, അയാൾ തീർച്ചയായും വിലയുള്ള നോട്ട് സ്വീകരിക്കുകയും വിലകുറഞ്ഞതു ത്യജിക്കുകയും ചെയ്യും. വിലയേറിയതെന്തെന്ന് തിരിച്ചറിയുവാൻ നമ്മുടെ ഹൃദയദൃഷ്ടികൾ പ്രകാശിക്കേണ്ടതാകുന്നു.

മറുവശത്ത് വിലയേറിയ കറൻസിനോട്ടിനെ അഴുക്കാക്കിയാലും അതിന്റെ മൂല്യം നഷ്ടപ്പെടുന്നില്ല എന്ന് വിവേചിക്കുവാൻ പക്വതയുള്ള ആർക്കും കഴിയും. എന്നതുപോലെ ദൈവനാമവും സത്യമാർഗ്ഗവും ചിലരുടെ മാതൃകയില്ലാത്ത ജീവിതശൈലി കൊണ്ടും തെറ്റായ മനോഭാവം കൊണ്ടും വിലയില്ലാത്തതാവുകയില്ല. സർവ്വശക്തനായ ദൈവത്തിന്റെ തേജസ്സ് നിഷ്പ്രഭമാക്കുവാനോ ദൈവം രൂപകൽപ്പന ചെയ്ത സത്യസഭയുടെ പ്രസക്തി ഇല്ലാതാക്കുവാനോ ആർക്കും സാധ്യമല്ല. 'നിങ്ങൾ നിമിത്തം ദൈവനാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു' എന്ന വചനം നിവൃത്തിയാകുവാൻആത്മീകരല്ലാത്ത നേതൃനിരയും അവരെ പിൻചെല്ലുന്നവരും കാരണമായിത്തീരുന്നു. ചിലരുടെ തെറ്റായ ജീവിതം കൊണ്ട് ദൈവമഹത്വമോ സത്യസഭയുടെ പ്രഭയോ വിലയോ കുറയുന്നില്ല. മറിച്ച്, 'അവരെ വിലയ്ക്കു വാങ്ങിയ പരമനാഥനെ നിഷേധിക്കുന്നവരുടെ മേൽ അതിവേഗം നിത്യശിക്ഷാവിധി വന്നുചേരും. അവരുടെ ദുഷ്പ്രവണതയെ പലരും പിന്തുടരുന്നതിനാൽ അവർ സത്യമാർഗ്ഗ ത്തിന് അപമാനം വരുത്തും. അവർ അതിമോഹത്തോടെ സ്വയംമെനഞ്ഞെടുത്ത ഉപദേശങ്ങളാൽ പലരെയും ചൂഷണം ചെയ്കകൊണ്ട് മുമ്പേതന്നെ നിശ്ചയിക്കപ്പെട്ട ശിക്ഷാവിധി അവരുടെമേൽ നിപതിക്കും, അതിന് കാലതാമസവും ഉണ്ടാകുകയില്ല.

മനുഷ്യാത്മാവിന്റെ വില എത്രത്തോളം ശ്രേഷ്ഠമാണെന്നു വിരൽ ചൂണ്ടുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. മറ്റോരോ ലേഖനങ്ങളും വിവിധനിലകളിൽ വായനക്കാർക്ക് ആത്മികവർദ്ധന വരുത്തുന്നതിന് ഉതകുന്നവയാണ്. അതോടൊപ്പം ലളിതമായ ശൈലിയിൽ സത്യസുവിശേഷം പ്രഘോഷിക്കുന്ന ലേഖനങ്ങളും ഈ ലക്കം മുതലുള്ള പ്രത്യേകത ആയിരിക്കും. പുതുവർഷത്തിലേക്കു കടക്കുന്ന ഞങ്ങളുടെ പ്രിയ വായനക്കാരെ സ്വർഗ്ഗീയ അനുഗ്രഹങ്ങളാൽ ദൈവം നിറയ്ക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ലക്കം ദൈവമഹത്വത്തിനായി സമർപ്പിക്കുന്നു.

പുസ്തകം 15 ലക്കം 1
ജനുവരി 2026

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ഏറ്റവും വിലയുള്ളത്** 4
ജോയ് എം. തോമസ്

**പ്രതികരണങ്ങൾ വെളിപ്പെടുത്തുന്നു...!** 7
സാജു മാത്യു

**ദുർമന:സാക്ഷിയും വിശ്വാസത്യാഗവും** 9
ചെയ്സ് ജോസഫ്

**റ്റെറ്റലസ്റ്റായി** 11
ബെഞ്ചമിൻ വർഗീസ്

**പ്രഥമസ്ഥാനം ദൈവത്തിനോ?** 14
ഡേവിഡ് വിൽക്കേഴ്സൺ

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**ട്രാക്ക് മാറ്റിയ കൂടിക്കാഴ്ച** 18
ഷാജി ഉമ്മൻ

**തിരിഞ്ഞു നോക്കുവിൻ** 21
വാച്ച്മാൻ നീ

**വേദ അധ്യയനം** 24
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# ഏറ്റവും വിലയുള്ളത്

മനുഷ്യൻ തന്റെ പരിശ്രമത്താൽ വളരെ അധികം ചെലവ് ചെയ്ത് നിർമ്മിച്ചതാണ് International space station. ഏതാണ്ട് 150 billion ഡോളർ ചെലവിട്ടു. ഒരു ഗ്രാം Anti matter (പ്രതിദ്രവ്യം) ഉണ്ടാക്കുന്നതിന് ഏതാണ്ട് 62.5 trillion ഡോളർ ചെലവ് ചെയ്യണം. ഏറ്റവും വിലകൂടിയ Artwork (A Leonardo da- vinci painting - Salvator Mundi) വിറ്റത് 450 മില്യൻ ഡോളറിനായിരുന്നു. Salvator Mundi എന്നത് ഒരു Latin phrase ആണ്, അർത്ഥം ലോകരക്ഷകൻ എന്നാണ്.

ലോകത്തിൽ ഏറ്റവും വിലയുള്ളത് എന്ത് എന്ന് ചോദിച്ചാൽ, ഇങ്ങനെ നമുക്ക് പറയുവാൻ പലതും ഉണ്ടാകും. വിലയുള്ളതെന്ന് ഓരോരുത്തരും കരുതുന്നത് വ്യത്യസ്തങ്ങളായ കാര്യങ്ങൾ ആകും. വാസ്തവത്തിൽ താങ്കൾ ഏറ്റവും വിലയുള്ളതായി കാണുന്നത് എന്താണ്? അത് നേടുവാൻ ആയിരിക്കുമല്ലോ താങ്കളുടെ പരിശ്രമവും അദ്ധ്വാന വും ഒക്കെ...

ഒരു പരമാർത്ഥം നാം അറിയണം. ഈ ലോകത്തിൽ ഏറ്റവും വിലയുള്ളതായി സ്രഷ്ടാവായ ദൈവം കാണുന്നത് മനുഷ്യനെയാണ്, എന്നെയും നിങ്ങളെയും! മുഴുലോകത്തേക്കാൾ വിലയേറിയതാണ് ഓരോ മനുഷ്യന്റെയും ആത്മാവ്. ഈ പരമാർത്ഥം തിരിച്ചറിഞ്ഞാൽ മാത്രമേ ഓരോരുത്തർക്കും തങ്ങളുടെ മൂല്യം മനസ്സിലാവുകയുള്ളൂ. മാത്രവുമല്ല വാസ്തവത്തിൽ നമ്മുടെ ആയുസ്സിൽ നാം നേടിയെടുക്കേണ്ടത് എന്തെന്നുള്ള പരിജ്ഞാനവും നമുക്ക് ഉണ്ടാകും.

കർത്താവായ യേശുക്രിസ്തു പറയുന്നത് ശ്രദ്ധിക്കുക: 'ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം, അല്ല, തന്റെ ജീവനെ വീണ്ടുകൊള്ളുവാൻ മനുഷ്യൻ എന്ത് മറുവില കൊടുക്കും' (മത്തായി 16 :26). കർത്താവിന്റെ ചോദ്യം എത്രമാത്രം ഗൗരവം ഉള്ളതാണ് എന്ന് ചിന്തിക്കുക. മഹാനായ അലക്സാണ്ടർ ചക്രവർത്തിയെപ്പോലെ സകലലോകവും നേടണം എന്ന് ആഗ്രഹിക്കുകയും അദ്ധ്വാനിക്കുകയും ചെയ്ത പലരും ഉണ്ട്. ഇന്നും ഈ ആഗ്രഹത്തോടെ ജീവിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നു മറ്റുപലരും. പക്ഷേ, ആർക്കും ഇതുവരെ അതിന് കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. അല്ല, ഇനി ആർക്കെങ്കിലും അതിന് കഴിഞ്ഞാലും മരണം വരുമ്പോൾ കീഴടങ്ങിയല്ലേ മതിയാവൂ? മരണാനന്തരം എന്ത്?

മരണാനന്തരം ഒന്നുമില്ല, സ്വർഗ്ഗവും നരകവും ഇല്ല എന്ന ചിന്ത ഭോഷത്വവും യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടവും ആകുന്നു.

തന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെട്ടില്ല എന്നും, യൗവ്വനത്തിൽത്തന്നെ മരണത്തിന് കീഴടങ്ങുവാൻ നിർബന്ധിതനായിരിക്കുന്നു എന്നും മനസ്സിലായപ്പോൾ അലക്സാണ്ടർ ചക്രവർത്തിക്ക് യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവുണ്ടായി. തനിക്ക് മനസ്സിലായ പാഠം മറ്റുള്ളവർ കൂടി ഗ്രഹിക്കണം എന്നദ്ദേഹം ആഗ്രഹിച്ചു. ശവപ്പെട്ടിയുടെ രണ്ടുവശത്തും ദ്വാരം ഉണ്ടാക്കി തന്റെ കൈകൾ വെളിയിലേക്ക് ഇടണമെന്ന് അദ്ദേഹം മരണത്തിന് മുമ്പ് കൽപ്പന കൊടുത്തു. എന്തിന്? നേടി എന്ന് കരുതിയത് ഒന്നും കൂടെ കൊണ്ടുപോകുവാൻ കഴിയാത്ത ഹതഭാഗ്യനായി മഹാനായ അലക്സാണ്ടർ നാടുനീങ്ങി എന്നു ജനങ്ങൾ മനസ്സിലാക്കണം. ഇതുപോലുള്ള എത്ര കാര്യങ്ങൾ നാം കാണുകയും കേൾക്കുകയും ചെയ്യുന്നു... പക്ഷേ ഇതിൽ നിന്നൊക്കെ ബുദ്ധി പഠിക്കുവാൻ മനുഷ്യർ ഉത്സാഹിക്കുന്നുണ്ടോ?

ഓരോ മരണവാർത്ത കേൾക്കുമ്പോഴും മരണവീട്ടിൽ പോകുമ്പോഴും അത് നമുക്ക് ബുദ്ധി പഠിക്കുവാനുള്ള അവസരം ആണ്. ജ്ഞാനിയായ ശലോമോൻ പറയുന്നത് ശ്രദ്ധിക്കുക: 'വിരുന്നുവീട്ടിൽ പോകുന്നതിനേക്കാൾ വിലാപഭവനത്തിൽ പോകുന്നത് നല്ലത്, അതല്ലോ സകല മനുഷ്യരുടെയും അവസാനം. ജീവിച്ചിരിക്കുന്നവൻ അത് ഹൃദയത്തിൽ കരുതിക്കൊള്ളും' (സഭാപ്രസംഗി 7 :2). ഈ ലോകജീവിതത്തിന്റെ അവസാനമാണ് മരണം. നഗ്നനായി ഈ ലോകത്തിലേക്ക് ജനിച്ച മനുഷ്യൻ, ഒന്നും ഇല്ലാത്തവനായി, മരണത്താൽ മണ്ണിലേക്ക് ചേരുന്നു. അവന്റെ സ്വപ്നങ്ങളും നേട്ടങ്ങളും എല്ലാം അവനോടൊപ്പം മണ്ണിൽ മറയുകയല്ലേ? ജീവിച്ചിരിക്കുന്നവർ ഇത് ഗ്രഹിച്ചാൽ നല്ലത്.

'ജ്ഞാനികൾ മരിക്കുകയും മൂഢനും മൃഗപ്രായനും ഒരുപോലെ നശിക്കുകയും, തങ്ങളുടെ സമ്പാദ്യം മറ്റുള്ളവർക്ക് വിട്ടേച്ച് പോവുകയും ചെയ്യുന്നത് കാണുന്നുവല്ലോ. തങ്ങളുടെ ഭവനങ്ങൾ ശാശ്വതമായും തങ്ങളുടെ വാസസ്ഥലങ്ങൾ തലമുറ തലമുറയായി നിൽക്കും എന്നിങ്ങനെ ആകുന്നു അവരുടെ അന്തർഗതം. തങ്ങളുടെ സ്ഥലങ്ങൾക്ക് അവർ തങ്ങളുടെ പേരിടുന്നു. എന്നാൽ മനുഷ്യൻ ബഹുമാനത്തിൽ നിലനിൽക്കുകയില്ല. അവർ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് തുല്യർ. ഇത് സ്വയാശ്രയക്കാരുടെ ഗതിയാകുന്നു. അവരുടെ അനന്തരവരോ അവരുടെ വാക്കുകളിൽ ഇഷ്ടപ്പെടുന്നു. അവരെ പാതാളത്തിന് ആടുകളായി ഏല്പിച്ചിരിക്കുന്നു. മൃത്യു അവരെ മേയിക്കുന്നു, നേരുള്ളവർ പുലർച്ചയ്ക്ക് അവരുടെ മേൽ വാഴും. അവരുടെ രൂപം ഇല്ലാതെ ആകും. പാതാളം അവരുടെ പാർപ്പിടം ( സങ്കീർത്തനങ്ങൾ 49:10 - 14).

**മരണാനന്തരജീവിതം ഉറപ്പാക്കുമ്പോൾ ഈ ലോക ജീവിതവും സുരക്ഷിതമാവുകയാണ്. മരണഭയം നീങ്ങിയാൽ ഭയത്തിന് സ്ഥാനം ഇല്ലാതാകും.**

സ്വയാശ്രയക്കാരായി തങ്ങളുടെ വില അറിയാതെ ലോകത്തിൽ ജ്ഞാനികൾ എന്ന് പേരുള്ളവർ എങ്കിലും തത്വത്തിൽ അന്ധരായി ജീവിക്കുന്നവരുടെ അവസ്ഥ മുകളിൽ കൊടുത്തിരിക്കുന്ന വേദവാക്യങ്ങൾ സ്പഷ്ടമാക്കുന്നു. സർവ്വലോകവും നേടുവാനുള്ള നെട്ടോട്ടത്തിൽ സ്വന്തം ജീവനെ അപായപ്പെടുത്തി, നശിച്ചു പോകുന്നവരായി, മനുഷ്യർ ഭോഷരായി മാറിയിരിക്കുന്നു എന്ന പരമാർത്ഥം നാം മനസ്സിലാക്കണം.

സർവ്വലോകത്തേക്കാളും വിലയുള്ളതാണ് നമ്മുടെ ജീവൻ. അതുകൊണ്ട് ജീവനെ നേടുക എന്നതുതന്നെ ആയിരിക്കണം ജീവിതത്തിന്റെ പരമമായ ലക്ഷ്യം. ജീവനെ നഷ്ടപ്പെടുത്തി നേടുന്നതൊന്നും നേട്ടമല്ല. ജീവനെ നേടുന്നതാണ് ഏറ്റവും വലിയതും അത്യന്തം പ്രധാനപ്പെട്ടതുമായ നേട്ടം. ജീവനെ നേടുക എന്നതിനാൽ അർത്ഥം ആക്കുന്നത് മരണാനന്തരജീവിതം ഉറപ്പാക്കുക എന്നതാണ്. മരണാനന്തരജീവിതം ഉറപ്പാക്കുമ്പോൾ ഈ ലോകജീവിതവും സുരക്ഷിതമാവുകയാണ്. മരണഭയം നീങ്ങിയാൽ ഭയത്തിന് സ്ഥാനം ഇല്ലാതാകും. യഥാർത്ഥ സ്വാതന്ത്ര്യം അപ്പോൾ അനുഭവമാവുകയും ഹൃദയത്തിൽ സമാധാനം നിറയുകയും ചെയ്യും.

മനുഷ്യന്റെ മരണാനന്തരജീവിതമാണ് ദൈവ

ത്തിന് ഏറ്റവും പ്രധാനമായത്. മനുഷ്യൻ പാപിയാണെന്നുള്ളതും പാപിയായ മനുഷ്യന് മരണാനന്തരം അവകാശപ്പെട്ടത് നിത്യനരകം മാത്രം ആണെന്നുള്ളതും വാസ്തവവും മാറ്റമില്ലാത്ത യാഥാർത്ഥ്യവും ആണ്. അതുകൊണ്ടാണ് മനുഷ്യനെ അവന്റെ പാപത്തിൽ നിന്നും, പാപത്തിന്റെ പരിണിതഫലമായ ശിക്ഷാവിധിയിൽ നിന്നും മോചിപ്പിക്കുവാൻ ദൈവം മനുഷ്യനായി ഭൂമിയിൽ വന്നത്. ദൈവം മനുഷ്യനെ അതിരുകളില്ലാതെ സ്നേഹിച്ചു. ആരും നശിച്ചുപോകരുതെന്ന് ആഗ്രഹിച്ചു. എല്ലാവരും നിത്യജീവൻ പ്രാപിച്ച് നിത്യമായി തന്നോട് കൂടെ എല്ലാ നിത്യസൗഭാഗ്യങ്ങളും അനുഭവിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. ഇപ്രകാരം അത് ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16).

അതെ, ആരും നശിച്ചു പോകരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. ആരും... ഈ ലോകത്തിലുള്ള ഒരുവ്യക്തി പോലും നിത്യനരകത്തിൽ പോകരുതെന്നും നശിക്കരുതെന്നും ദൈവം ആഗ്രഹിക്കുന്നു. എല്ലാവരും വചനം വിശ്വസിച്ചു സമർപ്പിച്ചനുസരിച്ച്, അവരവരുടെ ജീവനെ നേടണം, നിത്യജീവൻ പ്രാപിക്കണം. അതിനുവേണ്ടി, മനുഷ്യന്റെ പാപപരിഹാര ബലി ആകുവാൻ യേശുക്രിസ്തുവിനെ ലോകത്തിന് നൽകി. രക്ഷകനായ ക്രിസ്തുവിന് ഓരോരുത്തരെയും ഓർപ്പിക്കുവാനുള്ളത് സർവ്വലോകത്തേക്കാളും വിലയേറിയ അവരവരുടെ ജീവനെ നേടുക എന്നതാണ്.

ലോകത്തിൽ വിലയുള്ളത് എന്ന് ധരിച്ച് പലതിന്റെയും പുറകെ ഓടി സ്വന്തജീവനെ നഷ്ടപ്പെടുത്താതിരിക്കാം. സ്വന്തജീവനെ നേടുക എന്നതുതന്നെ അതിപ്രധാനമായിരിക്കട്ടെ. ആ ലക്ഷ്യത്തിൽ ഊന്നി ജീവിച്ചാൽ മാത്രമേ ജീവിതം ശരിയായ ദിശയിൽ നയിക്കപ്പെടുകയുള്ളൂ. മുൻഗണനാക്രമം ശരിയാകുമ്പോൾ ജീവിതത്തിന്റെ താളവും ശരിയാവും. ജീവിതം ലക്ഷ്യമുള്ളതാകുമ്പോൾ അർത്ഥമുള്ളതും ആയിത്തീരുന്നു.

വർഷങ്ങൾ പിന്നിടുമ്പോൾ ആയുസ്സ് കുറയുകയാണ്. നമുക്ക് നൽകപ്പെട്ടിരിക്കുന്ന സമയത്തിന്റെ മണിക്കൂറുകൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പിന്നിട്ട വർഷങ്ങളിലേക്കു നോക്കുമ്പോൾ നഷ്ടപ്പെടുത്തിയ സമയത്തെക്കുറിച്ചുള്ള കുറ്റബോധമോ, അതോ ലക്ഷ്യത്തിൽ ഊന്നി ജീവിച്ചതിലുള്ള സംതൃപ്തിയോ? ഇനി ലഭിക്കുന്ന സമയങ്ങളും അവസരങ്ങളും ഫലപ്രദമായി ഉപയോഗിച്ച്, നിത്യതയുടെ ലക്ഷ്യത്തിൽ ജീവിതത്തെ ക്രമീകരിച്ച്, സംതൃപ്തിയുള്ളവരായി മുന്നേറുവാൻ ദൈവം സഹായിക്കട്ടെ. ലോകത്തിൽ ഏറ്റവും വിലയുള്ളത് സ്വന്തജീവൻ തന്നെ എന്നത് മറക്കാതിരിക്കാം. •

## *യഥാർത്ഥ മഹത്വത്തിന്റെ അളവുകോൽ...*

*ക്രിസ്ത്യാനിയാകുക എന്നതിനാൽ അർത്ഥമാക്കുന്നത്, ക്രിസ്തുവിനെപ്പോലെയാവുക എന്ന ലക്ഷ്യത്തോടെ ജീവിതം നയിക്കുക എന്നാകുന്നു. ക്രിസ്ത്യാനിയുടെ യഥാർത്ഥ മഹത്വം അളക്കുന്നത് ഈ ലോകത്തിൽ എന്തെല്ലാം സ്ഥാനമാന അധികാരങ്ങൾ ഉണ്ടന്നുള്ളതിന്റെ അടിസ്ഥാനത്തിലോ എത്രമാത്രം സമ്പത്ത് ശേഖരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലോ അല്ല . പ്രത്യുത, വചനാനുസരണമുള്ള ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങളും പ്രതിബദ്ധതകളും എത്രമാത്രം സ്വജീവിതത്തിൽ പ്രാവർത്തികമാക്കി ക്രിസ്താനുരൂപരായി ജീവിക്കുവാൻ സാധിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ്. അതാണ് നിലനിൽക്കുന്ന മഹത്വത്തിന്റെ യഥാർത്ഥ അളവുകോൽ. പരീക്ഷണങ്ങളും പ്രയാസങ്ങളും ക്രിസ്തുശിഷ്യന്റെ ജീവിതത്തെ ആക്രമിച്ചേക്കാം. എന്നാൽ അവയ്ക്ക് സ്വഭാവത്തെ രൂപപ്പെടുത്തുവാനും ആത്മീയവളർച്ചയെ തടസ്സപ്പെടുത്തുന്ന എല്ലാ മാലിന്യങ്ങളെയും ജീവിതത്തിൽ നിന്ന് പുറത്താക്കാനും കഴിയും എന്നതാണ് യാഥാർഥ്യം.*

***ബില്ലി ഗ്രഹാം***



സാജു മാത്യു

# പ്രതികരണങ്ങൾ വെളിപ്പെടുത്തുന്നു...!

***നീതി നിമിത്തം കഷ്ടം സഹിക്കേണ്ടിവന്നാലും നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കലങ്ങുകയും അരുത്; എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ (1 പത്രോസ് 3:14)***

ഇരുപത് വർഷം മുൻപ് ഞാൻ ഒരു വ്യക്തിയോട് അല്പം 'ചൂടായി' (പരുഷമായി) സംസാരിച്ചു. ഒരു തെറ്റായ കാര്യം ചെയ്യരുതെന്നു പറഞ്ഞിട്ട് അയാൾ വീണ്ടും ആവർത്തിച്ചപ്പോഴായിരുന്നു ഞാൻ 'ചൂടായത്'. ഞാൻ ആരോടു ചൂടായോ, അദ്ദേഹം അത് അന്നേ മറന്നു. എന്നാൽ, അതു കേട്ടുനിന്ന എന്റെ ഒരു ആത്മീയ സഹോദരൻ ഇപ്പോഴും എന്നെ കാണുമ്പോൾ പറയാറുണ്ട്.'നിങ്ങളെ കാണുമ്പോഴൊക്കെ, അന്നു നിങ്ങൾ ആ മനുഷ്യനോടു ചൂടായതാണ് ഞാൻ ഓർക്കുന്നത്!' ഇതു കേൾക്കുമ്പോൾ എനിക്കു സങ്കടം വരും. അദ്ദേഹം അതു മറക്കാത്തതിലല്ല... ദൈവമേ, ഇരുപത് വർഷം മുൻപ് ഞാൻ കാണിച്ച ഒരു പ്രതികരണത്തിന്റെ പേരിലാണല്ലോ ഇപ്പോഴും ഞാൻ വിലയിരുത്തപ്പെടുന്നത്! ഒരുപക്ഷെ ആയിരം പേരോട് ഞാൻ സൗമ്യമായി സംസാരിച്ചുകാണും... നൂറുകണക്കിനാളുകളോട് ഞാൻ മനസ്സലിവു കാട്ടിയുണ്ടാവും. അങ്ങനെയുള്ള, ചില സന്ദർഭങ്ങൾക്കെങ്കിലും എന്റെ ഈ സഹോദരൻ ദൃക്സാക്ഷിയായിട്ടുണ്ട്... എന്നിട്ടും അദ്ദേഹത്തിന്റെ മനസ്സിൽ മായാതെ നില്ക്കുന്നത് എന്റെ ഒരു നിമിഷത്തെ അസഹിഷ്ണുതയുടെ പ്രതികരണമാണ്!

നമ്മുടെ പ്രതികരണങ്ങളാണ് (Reactions) നമ്മുടെ പ്രവൃത്തികളെക്കാൾ (Actions) വിലയിരുത്തപ്പെടുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്. അത് അങ്ങനെ തന്നെ വേണം താനും! എന്റെ 'പ്രവൃത്തി'കൾ, എനിക്കു ചിന്തിച്ച് ഒരുക്കിയെടുക്കാനുള്ള സമയം ലഭിക്കുന്നവയാണ്. എന്റെ പ്രതികരണം അങ്ങനെയല്ലല്ലോ... പ്രതികരണത്തിൽ സാധാരണ നിലയിൽ ആലോചനയ്ക്കു നേരമൊന്നുമില്ല. എന്റെ മനസ്സിലുള്ളത്, എന്നിലുള്ളത്–പെട്ടെന്ന് പുറത്തുചാടുന്നു... അതാണല്ലോ ഞാൻ...

ആയിരം പേരോട് മനസ്സലിവോടെ ഇടപെട്ടിട്ടുള്ള, സൗമ്യമായി സംസാരിച്ചിട്ടുള്ള എന്റെ ഉള്ളിലും കോപത്തിന്റെ വേര് അറ്റുപോയിരുന്നില്ല.... അത് ഞാൻ അറിഞ്ഞില്ലെങ്കിൽ എനിക്ക് വിശുദ്ധിയിൽ മുന്നേറുവാൻ കഴിയില്ല. നന്ദി സഹോദരാ....നന്ദി! ഇരുപത് വർഷം മുൻപ് ഞാൻ ആരാണെന്ന് എന്നെ കാണിച്ചു തന്നതിന്; തന്നെയല്ല, ഇരുപത് വർഷം മുൻപ് ഞാൻ ആരായിരുന്നെന്ന് ഇടയ്ക്കിടെ ഓർപ്പിക്കുന്നതിന് നന്ദി! എന്റെ പ്രവൃത്തിയിൽ നിന്നല്ല, എന്റെ പ്രതികരണങ്ങളിൽ നിന്നാണ് ഞാൻ കൂടുതൽ പാഠങ്ങൾ പഠിക്കേണ്ടത് എന്നു ഞാൻ ഒരിക്കലൂടെ തിരിച്ചറിയുന്നു. എന്റെ ഉള്ളിൽ എന്തൊക്കെ മാലിന്യങ്ങൾ അടിഞ്ഞുകിടപ്പുണ്ടെന്ന് എന്റെ പ്രതികരണങ്ങളിലൂടെ മറ്റുള്ളവരറിയണം–ഞാനും അറിയുന്നു... അവിടെയാണ് ഞാൻ കഴുകപ്പെടുവാൻ ഏല്പിച്ചുകൊടുക്കുന്നത്–ശുദ്ധീകരിക്കപ്പെടുവാൻ കർത്താവിന്റെ കാല്പാദങ്ങളിൽ, കവിണ്ണുകിടക്കുന്നത്!

നമ്മുടെ പ്രവൃത്തിയും പ്രതികരണവും എങ്ങനെയായിരിക്കണമെന്ന് നമ്മുടെ വേദഭാഗത്ത് പത്രോസ് അപ്പൊസ്തലൻ വളരെ പ്രായോഗിക

മായി ഓർപ്പിക്കുന്നു. പ്രവർത്തനത്തിന്റെയും പ്രതികരണത്തിന്റെയും ആകെത്തുകയാണ് നമ്മുടെ ഇടപെടലുകൾ. 1 പത്രോസ് രണ്ടാം അദ്ധ്യായത്തിൽ നമ്മുടെ സാമൂഹികജീവിതത്തിലെ ഇടപെടലുകളെപ്പറ്റി പരാമർശിച്ചിട്ട് ഇവിടെ ആദ്യവാക്യങ്ങളിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഇടപെടലുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പത്രോസ് പറയുന്നു. എന്നാൽ നമ്മുടെ വേദഭാഗത്ത് സഭയ്ക്കുള്ളിലും പുറത്തുമുള്ള ആളുകളോടുള്ള നമ്മുടെ ഇടപെടലുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് അപ്പൊസ്തലൻ ഓർപ്പിക്കുന്നത്: 'തീർച്ചയ്ക്ക് എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസ്സലിവും വിനയബുദ്ധിയുമുള്ളവരായിരിപ്പിൻ' (1 പത്രോസ്3: 8). ഇത് പ്രവൃത്തിയുടെ തലത്തിലാണെങ്കിൽ, പ്രതികരണത്തിന്റെ തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യമാണ് അടുത്ത വാക്യം: 'ദോഷത്തിനു പകരം ദോഷവും ശകാരത്തിനു പകരം ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിനു വിളിക്കപ്പെട്ടതുകൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പിൻ....' (1 പത്രോസ് 3:9).

**പ്രവൃത്തിയുടെ തലത്തിൽ ക്രിസ്ത്യാനി**

ഏകമനസ്സ് ഉള്ളവരായിരിക്കണം (like minded). എല്ലാവർക്കും എങ്ങനെ ഏകമനസ്സുണ്ടാകും? അങ്ങനെ ഏകമനസ്സുണ്ടാകണമെങ്കിൽ ആരുടെ മനസ്സാകണം നമ്മുടെ മാതൃക? പൗലൊസ് പറയുന്നു: അതിനുള്ള മാതൃക ക്രിസ്തുവിന്റെ മനസ്സ് തന്നെ! എല്ലാവർക്കും ക്രിസ്തുവിന്റെ മനസ്സുണ്ടാകുമ്പോൾ നാം ഏകമനസ്സുള്ളവരായിത്തീരും: 'എന്നാൽ, നിങ്ങൾ ഐകമത്യപ്പെട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ ഏകമനസ്സോടെ ഒരു വായിനാൽ മഹത്വീകരിക്കേണ്ടതിന്..... ദൈവം നിങ്ങൾക്ക്, ക്രിസ്തുയേശുവിന് അനുരൂപമായി തമ്മിൽ ഏകചിന്തയോടെയിരിപ്പാൻ കൃപ നല്കുമാറാകട്ടെ' (റോമർ. 15:5,6). ഈ ഐകമത്യം പ്രവൃത്തിയിൽ വരുന്നതിന് ഒത്തിരി അനുകമ്പയും (compassion) സഹോദരപ്രീതിയും (loving as brethren) മനസ്സലിവും (tender heart) വിനയബുദ്ധിയും (humble mind) ആവശ്യമാണ്.

**പ്രതികരണത്തിന്റെ തലത്തിൽ ക്രിസ്ത്യാനി**

ക്രിസ്ത്യാനികൾക്ക് ശത്രുക്കളുണ്ടാവുമെന്നും ശത്രുക്കൾ അവർക്ക് ദോഷം ചെയ്യാൻ ശ്രമിക്കുമെന്നും, അവരെ ശകാരിക്കുമെന്നും ഒക്കെ അപ്പൊസ്തലനറിയാം. എന്തായിരിക്കണം നമ്മുടെ പ്രതികരണം? ദോഷത്തിനു പകരം ഒരിക്കലും ദോഷം ചെയ്യാതിരിക്കുക. ശകാരിക്കുമ്പോൾ പകരം ശകാരിക്കാതെ അനുഗ്രഹിക്കുക. ക്രിസ്ത്യാനി നന്മ മാത്രം പിന്തുടരുവാൻ വിളിക്കപ്പെട്ടവനാണ്! പഴയനിയമ കാലത്തും വിശുദ്ധന്മാർ നന്മയെ പിന്തുടരാനായിരുന്നു ദൈവകല്പന. അല്ലാതെ എന്തിനുമേതിനും പ്രതികാരം ചെയ്യാനായിരുന്നില്ല. അതുപറയാൻ പത്രോസ് ഇവിടെ സങ്കീർത്തനം 34:12-14 ഉദ്ധരിക്കുന്നു. 'ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാണ്മാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ....ദോഷം വിട്ടകന്നു ഗുണം ചെയ്യുകയും സമാധാനം അന്വേഷിച്ചു പിന്തുടരുകയും ചെയ്യട്ടെ.'(1 പത്രോസ് 3:10-12) പഴയനിയമ വിശുദ്ധൻ ദോഷം വിട്ടകന്ന് ഗുണം ചെയ്യുന്നതിന്റെ പ്രധാനകാരണം അവൻ ജീവൻ ഇച്ഛിക്കുന്നതിനാലും ശുഭകാലം പ്രതീക്ഷിക്കുന്നതിനാലുമാണ്.... എന്നാൽ പുതിയനിയമ വിശുദ്ധർക്ക് അതിനെക്കാൾ മെച്ചപ്പെട്ട ഒരു കാരണമുണ്ട്. അത് അവരുടെ നാഥനായ ക്രിസ്തുവിനെ അനുകരിക്കാൻ അവർക്ക് ലഭിക്കുന്ന ഒരു അവസരമാണ്: 'ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന് നീതിമാനായി നീതികെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു...' (1 പത്രോസ് 3:18). പഴയനിയമവിശുദ്ധൻ 'സ്വന്തജീവനു' വേണ്ടിയാണ് ദോഷം വിട്ടകന്നു ഗുണം ചെയ്തതെങ്കിൽ ക്രിസ്തു 'നീതികെട്ടവർക്കു' വേണ്ടിയാണ് കഷ്ടം സഹിച്ചത്!

പീഡിപ്പിക്കപ്പെടുമ്പോൾ, ശകാരം കേൾക്കുമ്പോൾ, ആളുകൾ എന്റെ പ്രതീക്ഷയെ തല്ലിക്കെടുത്തുമ്പോൾ, വഞ്ചിക്കപ്പെടുമ്പോൾ, നിന്ദിക്കപ്പെടുമ്പോൾ എന്റെ പ്രതികരണം എന്താണ്? യേശു പറയുന്നു: 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ... സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായിത്തീരേണ്ടതിനു തന്നെ...അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നല്ലോ...'(മത്തായി. 5: 44,45). ദൈവം ഇല്ലായെന്നു പ്രസംഗിക്കുന്നവർക്കുപോലും ദൈവം തന്റെ

ശേഷം പേജ് 27 ▶



# ദുർമനഃസാക്ഷിയും വിശ്വാസത്യാഗവും

ചെയ്സ് ജോസഫ്

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം മനഃപ്പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായ ഒരു പ്രതീക്ഷയും എതിരികളെ ദഹിപ്പിക്കാൻ ഉള്ള ക്രോധഗ്നിയുമേയുള്ളൂ. ഈ വാക്യം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് നമുക്ക് പരിശോധിക്കാം. സത്യത്തിന്റെ പരിജ്ഞാനം എന്നു പറഞ്ഞാൽ എന്താണ്? അതാണ് നാം ചിന്തിച്ചു വന്നിരുന്നത്.

രണ്ട് വ്യവസ്ഥകളെക്കുറിച്ചാണ് ഇതുവരെയും വായിച്ചത്. ഒന്ന്, വീണ്ടുംവീണ്ടും ആവർത്തിക്കപ്പെടുന്ന യാഗങ്ങളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പഴയപ്രമാണവും, മറ്റൊന്ന് യേശുക്രിസ്തുവിന്റെ ഏക യാഗത്താൽ സ്ഥാപിക്കപ്പെട്ട പുതിയനിയമവും ആണ്. പഴയപ്രമാണത്തിന്റെ പ്രത്യേകത ആവർത്തിക്കപ്പെടുന്ന യാഗങ്ങളാണ്. ഈ യാഗങ്ങളാൽ പാപങ്ങൾ ഒരിക്കലും പരിഹരിക്കപ്പെടുന്നില്ല, എന്നുമാത്രമല്ല വീണ്ടുംവീണ്ടും പാപങ്ങളുടെ ആവർത്തനം ഉണ്ടാവുകയും ചെയ്യുന്നു. നാം മുമ്പ് വായിച്ചതുപോലെ പാപങ്ങളെ പരിഹരിക്കാൻ ഒരുനാളും കഴിയാത്ത അതേ യാഗങ്ങൾ പുരോഹിതന്മാർ ആവർത്തിച്ചാവർത്തിച്ച് അനുഷ്ഠിച്ചാലും ദൈവകോപത്തെ നീക്കിക്കളയുവാൻ കഴിയുകയില്ല. അതുകൊണ്ട് പഴയപ്രമാണം നിവർത്തിയാക്കിക്കൊണ്ട് ദൈവം പുതിയപ്രമാണം നൽകിയിരിക്കുന്നു. എന്താണ് പുതിയനിയമത്തിന്റെ പരിജ്ഞാനം?

യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ നാം എന്നെന്നേക്കുമായി വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. എബ്രായർ 10: 14 ഇതിനൊരു അടിസ്ഥാനമായി നമുക്ക് എടുക്കാവുന്നതാണ്. ‘ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു’. ഇങ്ങനെ ആവർത്തിക്കപ്പെടുന്ന യാഗങ്ങളെ വിട്ടിട്ട് യേശുക്രിസ്തുവിന്റെ യാഗത്തെ ആശ്രയിക്കുമ്പോൾ നാം കൃപാസനത്തിലേക്കുള്ള നിത്യമായ പ്രവേശനമാണ് നേടുന്നത്. അവിടെ യേശുക്രിസ്തുവിന്റെ രക്തം നമുക്കുവേണ്ടി ഗുണകരമായി സംസാരിക്കുന്നു. എന്നുമാത്രമല്ല എന്നേക്കുമുള്ള മഹാപുരോഹിതന്റെ പക്ഷവാദം നമുക്കായി തുടർന്നുകൊണ്ടിരിക്കുന്നു. ഈ ഉറപ്പും ബലവും ഉള്ള ഒരു വ്യവസ്ഥയാൽ ഒരിക്കലും അഴിഞ്ഞുപോകാത്ത പ്രത്യാശ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ദുർമനസാക്ഷി ഉണ്ടാകുമ്പോൾ നാം പാപമോചനം പ്രാപിച്ചവരായോ, ദൈവത്താൽ നീതീകരിക്കപ്പെട്ടവരായോ അനുഭവപ്പെടുകയില്ല. ദൈവികവ്യവസ്ഥയിൽ നിന്ന് നാം വ്യതിചലിച്ച് ഒഴുകിപ്പോകും. അങ്ങനെ വരാതിരിക്കാൻ നാം സത്യത്തിന്റെ പരിജ്ഞാനത്തിൽ ഉറപ്പുള്ളവരും പ്രത്യാശയുടെ സ്വീകാര്യം മുറുകെപ്പിടിക്കുന്നവരും ആയിരിക്കണം.

ഇത്രയും ഉറപ്പുള്ള ബോധ്യങ്ങൾ കിട്ടിയശേഷം വീണ്ടും ആവർത്തിക്കപ്പെടുന്ന യാഗങ്ങളിലേക്ക് നോക്കുന്നവർ ദൈവപുത്രനെ ചവിട്ടിക്കളയുന്നവരും, കൃപയുടെ ആത്മാവിനെ നിന്ദിക്കുന്നവരും, തങ്ങളെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനമെന്നു വിചാരിക്കുന്നവരും ആയി മാറും. അങ്ങനെ ആവർത്തിക്കപ്പെടുന്ന വ്യവസ്ഥകളിലേക്ക് നോക്കുന്നവർ ക്രിസ്തുവിന്റെ യാഗം പൂർണ്ണതയുള്ളതല്ല എന്നും, കൃപ എന്നെ രക്ഷിക്കുന്നില്ലെന്നും യേശുക്രിസ്തുവിന്റെ രക്തം എനിക്ക് ഗുണകരമായില്ല എന്നുമാണ് പരോക്ഷമായി പറയുന്നത്.

## ദുർമന:സാക്ഷിയും വിശ്വാസത്യാഗവും

ഈയൊരു പാപത്തിലേക്ക് മനുഷ്യൻ വീണു പോയാൽ അവർ ചെല്ലുന്നത് ദൈവകോപം നില നിൽക്കുന്ന ആ പഴയ വ്യവസ്ഥയിലേക്കാണ്. അവിടെ ഏക മഹാപുരോഹിതനായ യേശുക്രിസ്തുവിന്റെ ശുശ്രൂഷകൾ ഇല്ല. അവിടെ ഉള്ളത് എതിരികളെ ദഹിപ്പിക്കുന്ന അഗ്നിയാണ്. ക്രിസ്തുവിന്റെ രക്തത്താൽ സ്ഥാപിതമായ പുതിയനിയമത്തിൽ മാത്രമാണ് പാപമോചനത്തിന് വ്യവസ്ഥ ഉള്ളത്. പഴയതിലേക്ക് പോകുന്നവർ ക്രോധത്തിലേക്കാണ് പോകുന്നത്. കാരണം അവിടെ ഇനി ഒരു യാഗവും ശേഷിക്കുന്നില്ല.

എന്നാൽ യേശുക്രിസ്തുവിന്റെ നിത്യയാഗത്തിന്റെ പ്രത്യേകത ഏതുസമയവും നമുക്ക് കൃപാസനത്തിലേക്ക് കടന്നുചെല്ലാം എന്നുള്ളതാണ്. ഏതു പാപിക്കും ഏതുസമയത്തും മാനസാന്തരപ്പെട്ട് മടങ്ങിച്ചെല്ലുവാൻ കഴിയും. നമുക്കായി പക്ഷവാദം ചെയ്യുന്ന കർത്താവ് ഒരിക്കലും അത് അവസാനിപ്പിക്കുന്നില്ല. എബ്രായലേഖനം പത്താം അധ്യായം മുഴുവൻ വായിക്കുമ്പോൾ നമുക്ക് ഇത് കൃത്യമായി മനസ്സിലാകുന്നു.

മോശെയുടെ പ്രമാണം താൽക്കാലികമായിരുന്നുവെങ്കിലും അത് ലംഘിക്കുന്നവർക്കുള്ള ശിക്ഷ ഭയാനകമായിരുന്നു. രണ്ടോ മൂന്നോ സാക്ഷികളുടെ വാക്കുകൾ ശ്രദ്ധിച്ചശേഷം അവരെ കൊന്നുകളയുക ആയിരുന്നു പതിവ്. കൃപയുടെ പ്രമാണത്തെ നിന്ദിക്കുന്നത് ദൈവത്തെ നിന്ദിക്കുന്നതിന് തുല്യമാണെന്നും ഘോരമായ ശിക്ഷയ്ക്ക് അത് കാരണം ആകുമെന്നും ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

ദൈവപുത്രനെ ആരെങ്കിലും ചവിട്ടിക്കളയുമോ എന്ന് ഒരുപക്ഷേ നാം വിചാരിക്കുമായിരിക്കും. എന്നാൽ അത് ഇന്ന് നാം വളരെയധികം കാണുന്നുണ്ട്. യേശുക്രിസ്തു പഠിപ്പിച്ചത് യഹൂദന്മാരെ മാത്രമാണെന്നും, സഭയെ പഠിപ്പിച്ചത് പൗലോസ് മാത്രമാണെന്നും വിശ്വസിക്കുന്ന കൾട്ടുകൾ നമ്മുടെ ഇടയിൽത്തന്നെ വളരുന്നുണ്ട്. അതല്ലെങ്കിൽത്തന്നെ മിക്കസഭകളും യേശുക്രിസ്തുവിനെ തള്ളിക്കളഞ്ഞ മട്ടാണ്. സൗഖ്യത്തിനോ കാര്യസാധ്യത്തിനോ വേണ്ടിയല്ലാതെ യേശുക്രിസ്തുവിന്റെ നാമം പോലും കേൾക്കുവാനില്ല. ഇതു വായിക്കുന്ന പ്രിയസഹോദരങ്ങൾ അങ്ങനെ യേശുക്രിസ്തുവിനെ തള്ളിക്കളയുമോ എന്ന് ചോദിച്ചാൽ നാം നിൽക്കുന്നത് കൃപയാൽ ആണ് എന്ന് മാത്രമേ പറയുവാൻ സാധിക്കുകയുള്ളൂ. നാം നിലനിൽക്കുന്നത് നമ്മുടെ ശക്തിയിലല്ല ദൈവത്തിന്റെ കൃപയിലാണ്. അതുകൊണ്ടു ജാഗ്രതയുള്ളവരായിരിക്കുമ്പോൾത്തന്നെ നാം ഉറപ്പുള്ളവരും ആയിരിക്കേണ്ടതാണ്. വിശ്വാസത്തിന്റെ ഉറപ്പ് അസ്ഥിരപ്പെടുത്തുമ്പോഴാണ് പാപം വാഴുന്നത്.

ദൈവത്തിന്റെ തേജസ്സിലേക്കുള്ള പ്രത്യാശ നമ്മുടെ ഉള്ളിൽ മങ്ങുമ്പോൾ ലോകമോഹങ്ങൾ ആകർഷിക്കാൻ തുടങ്ങും. അതുകൊണ്ട് ലേഖനകർത്താവ് ആദ്യംതന്നെ പറയുന്നു: വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തുചെല്ലുക, പ്രത്യാശയുടെ സ്വീകാര്യം മുറുകെ പിടിച്ചുകൊള്ളുക.

ഈ വാക്യങ്ങൾ ഇന്ന് അനേകം ആളുകളുടെ വിശ്വാസം നഷ്ടപ്പെടുത്തുന്ന രീതിയിൽ ദുർവ്യാഖ്യാനം ചെയ്തു കാണുന്നു. സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം മന:പ്പൂർവമായി പാപം ചെയ്താൽ പിന്നെ ഒരു യാഗവും ശേഷിക്കുന്നില്ല (എബ്രായർ 10;26). രക്ഷിക്കപ്പെട്ട ശേഷം ഒരു പാപവും ചെയ്തിട്ടില്ല എന്ന് അവകാശപ്പെടുന്നവരെ കണ്ടിട്ടുണ്ട്. പക്ഷേ അത് യാഥാർത്ഥ്യമല്ല എന്ന് വളരെ വേഗം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

അതുകൊണ്ട് ഈ വാക്യങ്ങളെ കുറിച്ച് രണ്ടു കാര്യങ്ങൾ മനസ്സിലാക്കണം. ഒന്ന്, ഇത് പിതാവ് മക്കളോട് എന്നപോലെ സംസാരിക്കുന്ന മുന്നറിയിപ്പുകളാണ്. മക്കൾ വിശുദ്ധീകരിക്കപ്പെടേണ്ടതിന് ഇങ്ങനെയുള്ള മുന്നറിയിപ്പുകൾ ആവശ്യമാണ്. രണ്ട്, ഇത് വിശ്വാസം വിട്ടു പിന്തിരിയുന്നതിനെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. കൂടുതൽ ജാഗ്രത ഉള്ളവരായിരിക്കുവാൻ ഈ വാക്യങ്ങൾ നമ്മെ സഹായിക്കുന്നു. ഒരു പിതാവ് തന്റെ മകനോട്: സൂക്ഷിച്ചില്ലെങ്കിൽ നീ അപകടത്തിൽ പെടും എന്ന് പറയുമ്പോൾ, മകൻ ജാഗ്രത ഉള്ളവൻ ആയിരിക്കണം എന്നും, പിതാവിനോട് കൂടുതൽ ചേർന്നുനടക്കണം എന്നുമാണ് ഉദ്ദേശിക്കുന്നത്.

എന്നാൽ ഈ ദുർഘടപാതയിലൂടെ നടക്കുമ്പോൾ വീഴാതെവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ നമ്മെ രക്ഷിച്ച കർത്താവിന് കഴിയുമെന്ന് പൂർണ്ണമായി നമുക്ക് വിശ്വസിക്കാം. ദൈവം അനുഗ്രഹിക്കട്ടെ •

ബെഞ്ചമിൻ വർഗീസ്

# റ്റെറ്റലസ്റ്റായി

'**ഞാ**നൊരു പരാജയമാണ്...' അതു പറയുമ്പോൾ സൗമ്യയുടെ ചുണ്ടുകൾ വിതുമ്പുന്നുണ്ടായിരുന്നു. എന്റെ അടുത്ത സുഹൃത്തായ വിനുവിന്റെ ഭാര്യയാണവൾ. ഔദ്യോഗിക ആവശ്യങ്ങൾക്കായി ആ മഹാനഗരത്തിലെത്തുമ്പോൾ വല്ലപ്പോഴും ഞാൻ അവരെ സന്ദർശിക്കാറുണ്ട്. അപ്പോഴൊക്കെ കൂടുതൽ സമയവും ചെലവിടുന്നത് വിനുവുമൊത്തായിരിക്കും. സൗമ്യയുമായുള്ള സംഭാഷണങ്ങൾ മിക്കവാറും കുശലാന്വേഷണങ്ങളിൽ ഒതുങ്ങാറായിരുന്നു പതിവ്. ഇത്തവണ പക്ഷേ ആ പതിവ് മാറി. അതിനൊരു കാരണവുമുണ്ടായിരുന്നു.

'എന്താ സൗമ്യേ?' ഞാൻ കേട്ടത് ശരിയെന്നുറപ്പിക്കാനെന്ന വിധം വീണ്ടും ചോദിച്ചു. അവൾ തല താഴ്ത്തി. എന്നിട്ട് പതുക്കെ, ഏതാണ്ട് മന്ത്രിക്കുന്ന പോലെ വീണ്ടും പറഞ്ഞു: 'അതേ, ഞാനൊരു പരാജയമാണ്.'

അവൾ അത് ബോധ്യത്തോടെതന്നെ പറഞ്ഞതാണെന്ന് ആ വാക്കുകൾ കേട്ടപ്പോൾ എനിക്ക് മനസ്സിലായി. എത്രയോ നാളുകളായി എനിക്കവളെ അറിയാം. വളരെ സാമർത്ഥ്യവും, ആരെയും സഹായിക്കാനുള്ള മനോഭാവവും ഉള്ള, സ്നേഹനിധിയായ ഒരു സ്ത്രീയായാണ് ഞാൻ സൗമ്യയെ കണ്ടിരുന്നത്. പഠനത്തിൽ മികവ് കാട്ടിയ, കർത്താവിനോടുള്ള സ്നേഹവും അനുസരണവും ലോകത്തിലുള്ള സകലതിനേക്കാളും വലുതാണെന്ന് തിരിച്ചറിഞ്ഞ്, ഒരു വിദൂരഗ്രാമത്തിൽ മിഷനറിമാരായി പോയ, അനുഗ്രഹീതരായ രണ്ടു മക്കളെ വളർത്തിയ ആ സ്ത്രീ സ്വയം പരാജയമെന്നു വിളിക്കുന്നു?

'എന്തുകൊണ്ടാണ് നീ അങ്ങനെ പറയുന്നത്?' അവൾ പറയുന്നതിന്റെ ആഴം തിരിച്ചറിയാതെ ഞാൻ ചോദിച്ചു. അവൾ ഒരു നീണ്ട നിശ്വാസമെടുത്തു. 'എവിടെ തുടങ്ങണം?' അവൾ ഒരു ആത്മഗതമെന്നോണം പറഞ്ഞു. 'എന്റെ ജീവിതത്തിലെ ഓരോ തിരിവിലും ഞാൻ പരാജയപ്പെട്ടു. ഒരുപക്ഷേ എന്റെ മാതാപിതാക്കളുടെ പ്രതീക്ഷകൾ തെറ്റിച്ച് സുവിശേഷവേലയ്ക്കിറങ്ങിയതിന്റെ അനന്തരഫലമാകാം ഇത്. പക്ഷേ കർത്താവാണെന്നെ വിളിക്കുന്നതെന്ന് എനിക്കുറപ്പുണ്ടായിരുന്നു.'

'അപ്പോൾ നീ കർത്താവിനെ അനുസരിക്കുകയായിരുന്നില്ലേ?' ഞാൻ പതുക്കെ ചോദിച്ചു.

'അത് ശരിയാണ്,' അവൾ സമ്മതിച്ചു. 'ആരും ചെല്ലാത്തിടങ്ങളിൽ ക്രിസ്തുവിനെ അറിയിക്കുക എന്നതായിരുന്നു എന്റെയും വിനുവിന്റെയും ആഗ്രഹം. പക്ഷേ വർഷങ്ങൾ കഴിഞ്ഞിട്ടും അവിടുള്ള ആളുകൾ ഞങ്ങളെ അകറ്റി നിർത്തി. സഹായം വേണ്ടിവരുമ്പോൾ മാത്രം അവർ ഞങ്ങളെ തേടിവന്നു. ഞങ്ങൾ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്ത തരത്തിലുള്ള ഒരു മാറ്റവും അവിടെ കൊണ്ടുവരാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല.' അവളുടെ കണ്ണുകളിൽ ആ ഗ്രാമത്തിന്റെ ഓർമ്മകൾ തെളിയുന്നുണ്ടായിരുന്നു.

'ഒരു വഴിത്തിരിവുണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. അപ്പോഴാണ് എന്റെ ആരോഗ്യം വഷളായത്,' സൗമ്യ തുടർന്നു. അക്കാര്യം എനിക്കറിയാമായിരുന്നു. സൗമ്യയുടെ രോഗത്തെക്കുറിച്ചും അവരനുഭവിച്ച കഷ്ടതകളെക്കുറിച്ചും ഞങ്ങളും അറിയുകയും പ്രാർത്ഥിക്കുകയും ചെയ്തതാണ്. ഒടുക്കം അവിടെത്തന്നെ തുടർന്നാൽ

അവളുടെ ജീവൻതന്നെ അപകടത്തിലാകുമെന്ന സ്ഥിതി വന്നപ്പോഴാണ് മനസ്സില്ലാമനസ്സോടെയാണെങ്കിലും അവർക്ക് നഗരത്തിലേക്ക് മടങ്ങേണ്ടി വന്നത്. അവരുടെ സാഹചര്യം മനസ്സിലാക്കാതെ പലരും അവരെ കുറ്റപ്പെടുത്തിയ കാര്യവും എനിക്കറിയാമായിരുന്നു. അതുകൊണ്ടുതന്നെ 'മിഷൻ ഫീൽഡിലും ഞാൻ പരാജയപ്പെട്ടു' എന്നവൾ പറഞ്ഞപ്പോൾ ആ ചിന്ത എവിടെനിന്നാണ് വരുന്നതെന്ന് എനിക്ക് ഊഹിക്കാമായിരുന്നു.

'ഏതെങ്കിലും നിലയിൽ കർത്താവിനായി പ്രയോജനപ്പെടണം എന്ന ചിന്തയിൽനിന്നുമാണ് പിന്നീട് മിഷന്റെ ഓഫീസിൽ ജോലി തുടങ്ങിയത്. ഞാൻ പഠിച്ചതും അവിടെ ചെയ്യേണ്ടിവന്നതും തികച്ചും വ്യത്യസ്തമായ കാര്യങ്ങളായതിനാൽ അവിടെയും എനിക്ക് ശോഭിക്കാനായില്ല. അവസാനം എനിക്ക് രാജി വയ്ക്കേണ്ടി വന്നു. വീണ്ടും പരാജയം.'

കുട്ടികളെ പരിപാലിക്കലായിരുന്നു പിന്നീടവളുടെ ജീവിതം. വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടിയ വർഷങ്ങൾ. അപ്പോഴും കർത്താവിനായി എന്തെങ്കിലും ചെയ്യണം എന്ന ചിന്ത അവളെ മഥിച്ചുകൊണ്ടേയിരുന്നു. അങ്ങനെയാണ് അതിനുപറ്റിയ ഒരു മാർഗ്ഗം അവൾ കണ്ടെത്തിയത്. തനിക്കുചുറ്റും പ്രയാസം അനുഭവിക്കുന്ന നിരവധി പേരുണ്ടെന്ന് സൗമ്യ മനസ്സിലാക്കി. അവരെ സഹായിക്കാൻ തനിക്കാകുമല്ലോ. അതും ഒരർത്ഥത്തിൽ സുവിശേഷവേലയാണല്ലോ എന്ന് അവൾ ചിന്തിച്ചു.

തന്റെ ശാരീരിക അവശതകൾ വകവയ്ക്കാതെ സൗമ്യ ആ ദൗത്യവുമായിറങ്ങി. പലർക്കും സഹായങ്ങൾ, പ്രത്യേകിച്ച് ചികിത്സാസംബന്ധമായ കാര്യങ്ങളിൽ, എത്തിച്ചുകൊടുക്കാനായി അവൾ യത്നിച്ചു. അവൾ ഇപ്പോൾ സന്തോഷവതിയാണെന്ന് വിനു ഒരിക്കൽ പറഞ്ഞത് ഞാനോർത്തു. പക്ഷേ നിനച്ചിരിക്കാത്ത നേരത്താണ് അവിടെയും അവൾക്ക് പിഴവ് പറ്റിയത്. വളരെ പ്രയാസകരമായ സാഹചര്യങ്ങളിൽ ആയിരുന്ന ഒരു സഹോദരിയെ സഹായിക്കാൻ ശ്രമിച്ചതിലാണ് എല്ലാത്തിന്റെയും തുടക്കം. ആ ശ്രമത്തിനിടയിലെവിടെയോ സൗമ്യ നൽകിയ ഒരു ഉപദേശം അവർക്കിഷ്ടപ്പെടാതെ വരികയും സൗമ്യയുമായി അവർ വല്ലാതെ അകലുകയും ചെയ്തു. അതുവരെ

**പിതാവിനാൽ പ്രിയപുത്രൻ എന്ന സാക്ഷ്യം പ്രാപിച്ചവൻ ഇപ്പോളിതാ നിസ്സഹായനായി കുരിശിൽക്കിടക്കുന്നു. എന്നാൽ സകലവും പൊലിഞ്ഞുപോയി എന്ന് പറയുന്നതിനു പകരം അവൻ വിളിച്ചു പറയുന്നു: 'റ്റെറ്റലസ്റ്റായി' 'സകലവും നിവൃത്തിയായി'**

സൗമ്യയിൽനിന്നും ലഭിച്ച സഹായങ്ങളെല്ലാം മറന്നുകൊണ്ട് അവർ പെരുമാറിയപ്പോൾ അവൾക്ക് പിടിച്ചുനിൽക്കാനായില്ല. മന:പ്പൂർവമല്ലാതെ വന്ന പിഴവാണ്, പക്ഷേ, അതാര് കേൾക്കാൻ?

അവൾ വീണ്ടും എന്തൊക്കെയോ അനുഭവങ്ങൾ പറഞ്ഞുകൊണ്ടേയിരുന്നു. അവൾ പറയുന്നതിനൊക്കെ മറുപടി പറയാതെ മൂളിക്കേൾക്കുകയായിരുന്നു ഞാൻ. കാരണം അവൾ പറയുന്നതൊക്കെ ശരിയാണെന്ന് എനിക്കും തോന്നിപ്പോയി. എന്തുപറഞ്ഞാണവളെ ഒന്നു ധൈര്യപ്പെടുത്തുക? എന്റെ മനസ്സ് വാക്കുകൾക്കായി പരതി.

പെട്ടെന്ന് എന്റെ മനസ്സിലേക്കോടിയെത്തിയ ചിത്രം ക്രൂശിതന്റേതാണ്. ശിരസ്സിൽ മുൾമുടി അണിഞ്ഞ്, ദേഹമാസകലം തകർക്കപ്പെട്ടവനായി, എല്ലാവരാലും നിന്ദിതനായി, മൂന്നാണികളാൽ ക്രൂശിൽ തറയ്ക്കപ്പെട്ട യേശുവിന്റെ രൂപം ഞാൻ ധ്യാനിച്ചു. അവിടെക്കിടന്നുകൊണ്ട് 'സകലവും നിവൃത്തിയായി' എന്നുച്ചത്തിൽ ഘോഷിക്കുന്ന കാഴ്ചയാണ് എന്റെ മനസ്സിൽ തെളിഞ്ഞുവന്നത്.

ലോകത്തിന്റെ കണ്ണുകളിലൂടെ നോക്കിയാൽ യേശുവിന്റെ ജീവിതം ഒരു സമ്പൂർണ്ണ പരാജയമല്ലേ? തന്നെ പിന്തുടർന്ന ആയിരക്കണക്കിനാളുകളാൽ റബ്ബീ എന്ന് വിളിക്കപ്പെട്ടവൻ, ശിഷ്യന്മാർക്ക് മശിഹയായി വെളിപ്പെട്ടുവന്നവൻ, പിതാവിനാൽ പ്രിയപുത്രൻ എന്ന സാക്ഷ്യം പ്രാപിച്ചവൻ, വരുവാനുള്ള രാജ്യത്തെ വിളംബരം ചെയ്തവൻ... ഇപ്പോൾ ഇതാ നിസ്സഹായനായി കുരിശിൽക്കിടക്കുന്നു. എന്നാൽ സകലവും പൊലിഞ്ഞുപോയി എന്ന് പറയുന്നതിനു പകരം അവൻ വിളിച്ചു പറയുന്നു: 'റ്റെറ്റലസ്റ്റായി' 'സകലവും നിവൃത്തിയായി'

'സൗമ്യ,' ഞാൻ പതുക്കെ വിളിച്ചു. 'യേശു ക്രൂ

ശിൽ മരിക്കുമ്പോൾ 'സകലവും നിവൃത്തിയായി' എന്ന് പറഞ്ഞത് എന്തുകൊണ്ടാണെന്ന് നീ ചിന്തിച്ചിട്ടുണ്ടോ? ആ നിമിഷത്തിൽ എല്ലാവർക്കും അത് പരാജയമായി തോന്നിയില്ലേ? പക്ഷേ അവിടുത്തേക്ക് അത് വിജയമായിരുന്നു. എന്തുകൊണ്ട്?'

സൗമ്യ എന്റെ നേരെ നോക്കി. ഞാൻ തുടർന്നു, ' കാരണം, പിതാവ് നൽകിയ ദൗത്യം അവിടുന്ന് ഓരോ ദിവസവും നിവർത്തിച്ചു. ആളുകളുടെ പ്രതീക്ഷകൾ നിറവേറ്റുകയല്ല, പിതാവിന്റെ ഇഷ്ടം ചെയ്യുകയായിരുന്നു അവിടുത്തെ ലക്ഷ്യം.'

'നീയും അതുതന്നെയല്ലേ ചെയ്തത്?' ഞാൻ ചോദിച്ചു. 'കർത്താവ് നിന്നെ ഗ്രാമത്തിലേക്ക് വിളിച്ചു, നീ പോയി. വർഷങ്ങളോളം അവിടെ വിശ്വസ്തയായി നീ കർത്താവിന്റെ വേല ചെയ്തു; ആരും കാണാതെയും, ആരും അഭിനന്ദിക്കാതെയും. അത് വിജയമല്ലേ? അസുഖം വന്നപ്പോൾ, അവിടുന്ന് നിന്നെ നഗരത്തിലേക്ക് തിരിച്ചുവിളിച്ചു. നീ അനുസരിച്ചു. വീട്ടിൽ രണ്ടു മക്കളെ വളർത്താനാണ് അവിടുന്ന് നിന്നെ വിളിച്ചത്. ഇന്ന് അവർ എങ്ങനെയുള്ള കുട്ടികളാണ്?'

സൗമ്യയുടെ കണ്ണുകൾ നിറഞ്ഞു. 'അവർ... അവർ നല്ല കുട്ടികളാണ്.'

'നല്ല കുട്ടികൾ മാത്രമോ?' ഞാൻ ചോദിച്ചു. 'കർത്താവിനെ സ്നേഹിക്കുന്ന, അവിടുത്തെ അനുസരിക്കാൻ ആഗ്രഹിക്കുന്ന രണ്ടു പേർ. അവരെ രൂപപ്പെടുത്തിയത് ആരാണ്?' 'വേദനയിലും നീ ചുറ്റുമുള്ളവരെ സേവിച്ചു. ഒരു ബന്ധം നഷ്ടപ്പെട്ടു എന്നതുകൊണ്ട്, എത്രപേരെ നീ അനുഗ്രഹിച്ചുവെന്നത് ഇല്ലാതാകുന്നുണ്ടോ?'

ഞാൻ ഒരു നിമിഷം നിർത്തി. 'സൗമ്യ... യേശുവിന് ഓരോദിവസവും 'റ്റെറ്റലസ്റ്റായി' എന്ന് പറയാൻ കഴിഞ്ഞത്, ആ ദിവസം പിതാവ് ഏൽപ്പിച്ച ശുശ്രൂഷ ചെയ്തതുകൊണ്ടാണ്. ചുറ്റുമുണ്ടായിരുന്നവർ എന്തു പറഞ്ഞു എന്നതിനേക്കാളുപരി, ദൈവം നമ്മെ ഏൽപ്പിച്ച ശുശ്രൂഷ വിശ്വസ്തതയോടെ നിർവ്വഹിച്ചോ എന്നതാണ് പ്രധാനം. കർത്താവ് നിനക്ക് തന്ന ശുശ്രൂഷ നിവർത്തിക്കുകയാണെങ്കിൽ നിനക്കും പറയാനാകും സകലവും നിവൃത്തിയായി എന്ന്. നിന്റെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾക്കൊന്നും എനിക്ക് ഉത്തരമില്ല. ഒരുപക്ഷേ കഷ്ടം സഹിപ്പാനുള്ള വരമായിരിക്കും കർത്താവ് നിനക്ക് തന്നിരിക്കുന്നത്. എന്നാൽ നിന്നെ ഏൽപ്പിച്ച കാര്യങ്ങളിലൊക്കെയും നീ വിശ്വസ്തയായിരുന്നുവെന്ന് എനിക്കറിയാം. കർത്താവ് അതാണ് നോക്കുന്നത്.'

**ചുറ്റുമുണ്ടായിരുന്നവർ എന്തു പറഞ്ഞു എന്നതിനേക്കാളുപരി, ദൈവം നമ്മെ ഏൽപ്പിച്ച ശുശ്രൂഷ വിശ്വസ്തതയോടെ നിർവ്വഹിച്ചോ എന്നതാണ് പ്രധാനം.**

അവൾ വിതുമ്പുന്ന ശബ്ദം ഞാൻ അപ്പോഴാണ് കേട്ടത്. ഒരുനിമിഷത്തേയ്ക്ക് ഞാനൊന്ന് പകച്ചുപോയി. പക്ഷേ അവളുടെ കണ്ണുകളിലെ പ്രകാശം കണ്ടപ്പോൾ എനിക്ക് മനസിലായി, ദൈവം അവളെ ഉറപ്പിക്കുകയാണെന്ന്.

ഞാൻ തിരികെയെത്തി രണ്ടുമൂന്ന് ദിവസം കഴിഞ്ഞപ്പോൾ, എന്റെ വാട്ട്സാപ്പിൽ തുരുതുരാ മെസേജുകൾ വരുന്നത് കേട്ടാണ് ഞാനതെടുത്തുനോക്കിയത്. സൗമ്യയുടേതായിരുന്നു ആ സന്ദേശങ്ങൾ. അതിലൊന്ന് വിനുവും സൗമ്യയും വിട്ടിട്ടുപോന്ന ഗ്രാമത്തിലേക്ക്, വർഷങ്ങൾക്ക് ശേഷം ചെന്ന മറ്റൊരു മിഷണറിയുടെ ഭാര്യ അയച്ച കത്തായിരുന്നു. അവർ ഗ്രാമവാസികളോട് യേശുവിനെക്കുറിച്ച് സംസാരിച്ചപ്പോൾ, 'യേശുവും കുടുംബവും ഇവിടെ കുറെക്കാലം താമസിച്ചിരുന്നു' എന്നായിരുന്നുവത്രെ അവരുടെ മറുപടി! ക്രിസ്തുവിനെ ജീവിതത്തിൽ പ്രതിഫലിപ്പിച്ചു എന്നത് വലിയ വിജയമല്ലേ? ഇന്നവിടെ നിരവധിയാളുകൾ കൂടിവരുന്ന ഒരു സഭ അനുഗ്രഹമായി വളരുന്നു.

മറ്റ് ചില ചിത്രങ്ങൾ, അവളുടെ കുട്ടികൾ സ്കൂളിലും സണ്ടേസ്കൂളിൽ നിന്നുമായി നേടിയെടുത്ത ട്രോഫികളുടേതായിരുന്നു. അവസാനത്തേതാകട്ടെ നന്ദി എന്നെഴുതിയ ഒരു കാപ്പിപ്പാത്രത്തിന്റെ ചിത്രവും. അവൾ ചെയ്ത ശുശ്രൂഷയാൽ ആശ്വാസം പ്രാപിച്ച ഏതോ ഒരയൽക്കാരി കൊടുത്ത സമ്മാനമായിരുന്നു അത്. ഈ ചെറിയ അടിക്കുറിപ്പുകളല്ലാതെ മറ്റൊന്നും അതിൽ എഴുതിയിരുന്നില്ലെങ്കിലും, കർത്താവ് അവളെ തൊട്ടതു കണ്ടപ്പോൾ എന്റെയും കണ്ണ് നിറഞ്ഞൊഴുകി.



**ഡേവിഡ് വിൽക്കേഴ്സൺ**

# പ്രഥമസ്ഥാനം ദൈവത്തിനോ?

'**മു**മ്പെ ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും' (മത്തായി 6:33). ഇവ ക്രിസ്തുവിന്റെ വാക്കുകളാണ്. അവ ഒരു നിർദ്ദേശമല്ല. മറിച്ച് ഒരു കല്പനയാണ്. ഇവിടെ അർത്ഥമാക്കുന്നത്, നിങ്ങൾ സകലത്തിനും മുമ്പേ കർത്താവിനെ അന്വേഷിക്കുകയാണെങ്കിൽ ഇഹലോകജീവിതത്തിനത്യവശ്യമായിരിക്കുന്ന എല്ലാ കാര്യങ്ങളും ആഹാരം, വസ്ത്രം, പാർപ്പിടം ഉപജീവനമാർഗ്ഗങ്ങൾ എന്നിങ്ങനെ സർവ്വ ആവശ്യങ്ങളും അവിടുന്ന് നിറവേറ്റിത്തരും എന്നാകുന്നു. എന്നാൽ ദൈവത്തിനു പ്രഥമ പരിഗണന കൊടുക്കണം എന്ന വ്യവസ്ഥ ഇവിടെ ബാധകമാണ്.

ജീവിതത്തിൽ മുൻഗണന എന്തിനായിരിക്കണം? പ്രഥമസ്ഥാനം ലൗകിക കാര്യങ്ങൾക്കോ, അതോ കർത്താവിനോ? ദൈവത്തിനു പ്രഥമസ്ഥാനം നൽകാതിരിക്കുന്നത് അവിടുത്തോട് കാണിക്കുന്ന വലിയ അവഗണന തന്നെയാണ്. ആരെങ്കിലും അത്തരമൊരു അവഗണന കാണിച്ചാൽ കുറ്റക്കാരനല്ലെന്ന് നിങ്ങൾ കരുതിയേക്കാം. ദൈവത്തിനു ഒന്നാംസ്ഥാനം നൽകുന്നതിന് പകരം ഏതെങ്കിലും വ്യക്തിക്കോ കാര്യങ്ങൾക്കോ പ്രഥമ പരിഗണന നൽകുന്നു എങ്കിൽ ഗുരുതരമായ പാപം തന്നെയാണ്. നോഹയുടെയും ലോത്തിന്റെയും കാലത്തെക്കുറിച്ച് വചനം എന്താണ് പറയുന്നതെന്ന് ശ്രദ്ധിക്കാം. 'നോഹയുടെ കാലത്ത് സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും. നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്ന്, അവരെ എല്ലാവരെയും മുടിച്ചുകളഞ്ഞു. ലോത്തിന്റെ കാലത്ത് സംഭവിച്ചതുപോലെയും തന്നെ; അവർ തിന്നും കുടിച്ചുംകൊണ്ടും വിറ്റും നട്ടും പണിതും പോന്നു. എന്നാൽ ലോത്ത് സോദോം വിട്ടനാളിൽ ആകാശത്തുനിന്നു തീയും ഗന്ധകവും പെയ്ത് എല്ലാവരെയും മുടിച്ചുകളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നെ ആകും' (ലൂക്കോസ് 17: 26 - 30).

ആ കാലഘട്ടത്തിൽ ആളുകൾ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങൾ എന്തായിരുന്നു? അന്നുവരെ കണ്ടിട്ടില്ലാത്ത അക്രമം, സ്വവർഗ്ഗരതി, തുടങ്ങിയ ഗുരുതരമായ അധാർമ്മികതയും അവിടെ ഉണ്ടായിരുന്നുവെന്ന് നമുക്കറിയാം. എന്നാൽ ഇവിടെ അത്തരം കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നില്ല. മറിച്ച്, ന്യായവിധി വരുന്നതിന് തൊട്ടുമുമ്പ് ആളുകൾ എന്താണ് ചെയ്തുകൊണ്ടിരുന്നതെന്ന്

വചനം പറയുന്നത് ശ്രദ്ധിക്കുക: വിവാഹനിശ്ചയം നടത്തുക, വിവാഹം കഴിക്കുക, വാങ്ങുക, വിൽക്കുക, നടുക, പണിയുക. ഈ പട്ടികയിൽ ഒരു പാപവുമില്ല. ഇതെല്ലാം നല്ലതും നിയമാനുസൃതവുമായ കാര്യങ്ങളാണ്. ഇഹലോകചിന്തകളാൽ അവർ മുഴുകിയിരുന്നു. എന്നാൽ ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പിനെ അവർ അവഗണിച്ചു. നോഹ പെട്ടകം പണിയുന്ന സമയത്ത് മറ്റുള്ളവർ നോഹയെ പരിഹസിക്കുകയോ, പീഡിപ്പിക്കുകയോ ചെയ്തതായി ബൈബിളിൽ ഒരു വാക്കുപോലും പറയുന്നില്ല. പ്രത്യക്ഷത്തിൽ അവന്റെ വേലയും പ്രസംഗവും ഒരിക്കലും തടസ്സപ്പെട്ടില്ല. ആ സമയത്ത് അക്രമവും അഴിമതിയും ഉണ്ടായിരുന്നു. എന്നാൽ ബഹുഭൂരിപക്ഷം ആളുകളും നല്ലതും നിയമാനുസൃതവുമായ കാര്യങ്ങൾ ചെയ്യുന്നതിൽ മുഴുകി. നോഹയുടെ മുന്നറിയിപ്പുകളെക്കുറിച്ച് ഗൗരവമായി അവർ ചിന്തിച്ചതേയില്ല. എല്ലാവരും വിവാഹം കഴിക്കുന്നതിലും, ഭക്ഷണം കഴിക്കുന്നതിലും, സുഹൃത്തുക്കളുമായി ഇടപഴകുന്നതിലും, സന്തോഷോല്ലാസങ്ങളിലും മുഴുകിയിരുന്നു. അവർക്ക് ദൈവത്തെ ശ്രദ്ധിക്കാൻ സമയമില്ലായിരുന്നു.

നൂറ്റാണ്ടുകളായി ഇത് ഇങ്ങനെയാണ്. സ്വർഗ്ഗത്തിലേക്കുള്ള യാത്രയിലാണന്ന് ചിന്തിക്കുന്ന പലരും ദൈവവചനം, ദൈവസഭ, പ്രാർത്ഥന, ആരാധന എന്നിവ അവഗണിക്കുന്നു. ഇപ്രകാരമുള്ള തങ്ങളുടെ പെരുമാറ്റം പാപമായി കാണുന്നില്ല. ക്രിസ്തുവിന്റെ ശരീരമായിരിക്കേണ്ടുന്ന ദൈവസഭയുടെ അധ:പ്പതനം എത്ര ശോചനീയം! ദൈവത്തെ അന്വേഷിക്കാൻ മനസ്സില്ലാതെ ആളുകൾ ലോകകാര്യങ്ങൾക്കായി മാത്രം ഓടുന്ന തിരക്കിലായിരിക്കുന്നു. തിരക്കിൽ മാത്രം മുഴുകുന്നതിനാൽ വളരെയധികം പേർക്ക് നിത്യജീവനുവേണ്ടി ഒരുങ്ങുവാൻ കഴിയാതെ പോകുന്നു.

ഇത്തരുണത്തിൽ വലിയൊരു വിരുന്നൊരുക്കിയ മനുഷ്യനെക്കുറിച്ചു ചിന്തിക്കാം. ഒരു മനുഷ്യൻ വലിയൊരു അത്താഴം ഒരുക്കി പലരെയും ക്ഷണിച്ചു. അത്താഴസമയത്ത് അവൻ തന്റെ ദാസനെ അയച്ച് ആ ക്ഷണിച്ചവരോട്: എല്ലാം ഒരുങ്ങിയിരിക്കുന്നു; വരുവിൻ എന്നു പറയിച്ചു....(ലൂക്കോസ് 14:16 - 24). എന്നാൽ ക്ഷണിക്കപ്പെട്ട അതിഥികളെല്ലാം ക്ഷണം നിരസിച്ചു. വലിയ വിരുന്ന് ഒരുക്കുന്നത് യേശുവാണ്! യേശുവിന്റെ ക്ഷണം എല്ലാവർക്കും വേണ്ടിയുള്ളതാണ്: 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'(മത്തായി 11:28). ലളിതമായി പറഞ്ഞാൽ കർത്താവ് എല്ലാവരെയും ദൈവവിഷയമായി സമ്പന്നരാകുവാൻ ക്ഷണിക്കുന്നു. ഈ ജീവിതത്തിൽ നമുക്ക് പൂർണ്ണ സംതൃപ്തി നൽകുന്നതിന് ആവശ്യമായതെല്ലാം യേശു ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. നമ്മെ മഹത്വത്തിലേക്കു വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതെല്ലാം നമുക്ക് നൽകിയിരിക്കുന്നു (2 പത്രോസ് 1:3).

എന്നിരുന്നാലും അത്താഴസമയമായപ്പോൾ ആരും വന്നുചേർന്നില്ല. ക്ഷണിക്കപ്പെട്ട അതിഥികൾ എല്ലാം അവിടെ എത്തുമെന്ന് യജമാനൻ പ്രതീക്ഷിച്ചു. പക്ഷേ ആരും വന്നില്ല. ആ സ്ഥാനത്തു നാമായിരുന്നുവെങ്കിൽ എന്തു തോന്നുമായിരുന്നു? സമ്പൂർണ്ണമായ നിരസിക്കലായി കണക്കാക്കില്ലേ? ക്ഷണിക്കപ്പെട്ട അതിഥികൾക്ക് നമ്മിൽ താൽപ്പര്യമില്ലായിരുന്നു എന്നല്ലേ? എന്നിട്ടും ഈ യജമാനൻ ക്ഷണിക്കപ്പെട്ട അതിഥികളെ എല്ലാം തയ്യാറാണെന്ന് ഓർമ്മിപ്പിക്കാൻ ഒരു ദാസനെ വീണ്ടും അയയ്ക്കാൻ തീരുമാനിച്ചു. അത് അവസാനവിളിയായിരുന്നു. എന്നാൽ അവരെല്ലാവരും ഒരുപോലെ ഒഴികഴിവ് പറയാൻ തുടങ്ങി... എത്ര വേദനാജനകമായ നിമിഷങ്ങൾ! (ലൂക്കോസ് 14:18).


ആദ്യം ക്ഷണിച്ച അതിഥി ഒരു റിയൽ എസ്റ്റേറ്റ് ഇടപാടിൽ മുഴുകിയിരുന്നതിനാൽ ഒഴിഞ്ഞുമാറി. ഇയാൾ ഒരു ഭൂമി കച്ചവടക്കാരനായിരിക്കും. വസ്തു വാങ്ങുന്നതും വീട് പണിയുന്നതും പാപമല്ല. രണ്ടും നിയമാനുസൃതമായ കാര്യങ്ങളാണ്. ഭൂമി വാങ്ങിയതല്ല ഇവിടുത്തെ കാര്യം. തെറ്റായ മുൻഗണന ജീവിതത്തിൽ കൊടുത്തു എന്നതായിരുന്നു അയാളുടെ തെറ്റ്! അവൻ ലോകകാര്യങ്ങൾക്കു വേണ്ടി ദൈവിക കാര്യങ്ങൾക്കുള്ള ക്ഷണം മാറ്റിവച്ചു. ഒന്നാം സ്ഥാനം ദൈവത്തിനു കൊടുക്കാത്ത എല്ലാവരും ഈ മനുഷ്യനെപ്പോലെയാകുന്നു.

ക്ഷണിക്കപ്പെട്ട രണ്ടാമത്തെ അതിഥി ദൈവത്തിനു പകരം തന്റെ മൃഗസമ്പത്തിനു മുൻഗണന നൽകി. അവൻപറഞ്ഞു: ഞാൻ അഞ്ച് ജോടി കാളകളെ വാങ്ങി, അവയെ പരീക്ഷിക്കാൻ പോകു

ശേഷം പേജ് 29 ▶

**കൗൺസലിംഗ് വീഥി**





**ഡോ. സജികുമാർ കെ. പി.**

# ആത്മീയതയും ലൈംഗികതയും

**മാറ്റിക്കൂടാത്ത അതിർവരമ്പുകൾ തിരുവചന വെളിച്ചത്തിൽ**

**മാ**ധ്യമങ്ങളും ഡിജിറ്റൽസ്വാധീനവും കൊടികുത്തിവാഴുന്ന യുവമനസ്സുകളിൽ നാം ഇന്നോളം ഉയർത്തിപ്പിടിച്ച പല മൂല്യങ്ങളും ധാർമ്മികതയും വികലമായിക്കൊണ്ടിരിക്കുന്നു എന്ന് പറയാതെ വയ്യ. വിശുദ്ധ വേദപുസ്തകം 'മാറ്റിക്കൂടാത്തത്' എന്ന് അടിവരയിട്ട് പറഞ്ഞിട്ടുള്ള പലതും പുനർവിചിന്തനം നടത്തപ്പെടുന്ന കാലഘട്ടമാണിത്.

വളരെ ഞെട്ടലോടെയും ആശങ്കയോടെയും ആണ് ഒരിക്കലും പ്രതീക്ഷിക്കാത്ത വിധത്തിൽ ലൈംഗിക ധാർമ്മികതയെ സംബന്ധിച്ച വ്യവസ്ഥിതിയുടെ മാറ്റങ്ങൾ ഇന്ന് നാം അഭിമുഖീകരിക്കുന്നത്. ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കാനും ഒരു പുരുഷന് മറ്റൊരു പുരുഷനെ വിവാഹം കഴിക്കാനും നിയമപരിരക്ഷ നൽകുന്ന ലോകത്തിൽ, പരസ്പര സമ്മതത്തോടെ ഏത് പുരുഷനും സ്ത്രീക്കും എന്ത് അധർമ്മവും പ്രവർത്തിക്കുവാൻ പച്ചക്കൊടി കാണിക്കുന്ന നിയമവ്യവസ്ഥിതിയെ ഒരിക്കലും ദൈവവചനം പിൻതാങ്ങുന്നില്ല. ലോകകോടതിക്ക് മുകളിൽ ദൈവകോടതി ഉണ്ട് എന്നതിനാൽ ദൈവവചനം അനുശാസിക്കുന്ന ശരിതെറ്റുകൾ തീർച്ചയായും നാം അറിഞ്ഞിരിക്കണം.

സ്വവർഗ്ഗവിവാഹങ്ങളിലെ തെറ്റുകൾ എന്ത്? അത് സംബന്ധിച്ച് ദൈവവചനം എന്ത് പഠിപ്പിക്കുന്നു? ഇതിനെ സംബന്ധിച്ച് പ്രധാനമായി പറയാനുള്ളത് എന്തെന്ന് നമുക്ക് പരിശോധിക്കാം.

ഒരു വ്യക്തിയുടെ ശാരീരിക വളർച്ചയോടൊപ്പം മാനസിക വളർച്ചയും സംഭവിക്കുന്നു എന്നതുപോലെ ലൈംഗികസ്വഭാവവും വളർച്ച പ്രാപിക്കുന്നു. വളർന്നുവരുന്ന പ്രായത്തിൽ അവർക്ക് കിട്ടുന്ന അറിവും ബന്ധങ്ങളും അവരുടെ ലൈംഗിക സ്വഭാവത്തിലും വളർച്ചയിലും നിർണ്ണായക പങ്ക് വഹിക്കുന്നതാണ്. സ്വവർഗ്ഗ ലൈംഗിക സ്വഭാവം ഉള്ളവരോട് സ്ഥിരമായി സംസർഗ്ഗം കൂടുന്നവരിൽ, ഈ സ്വഭാവം രൂപപ്പെടുവാൻ സാധ്യത കൂടുതലാണ്. സ്വവർഗ്ഗ ലൈംഗികപരമായ ശാരീരിക ഉപദ്രവങ്ങൾ തുടർച്ചയായി കുട്ടിക്കാലത്ത് നേരിടേണ്ടി വന്നവരിലും അത്തരം സ്വഭാവ വൈകല്യം രൂപപ്പെട്ടേക്കാം. അതുകൊണ്ട് ഇത്തരം സാഹചര്യങ്ങൾ നാം ഒഴിവാക്കുകയും അത്തരം സാഹചര്യത്തിൽ അകപ്പെട്ടു പോയവരെ ഉപദേശത്താലും മാനസിക പിന്തുണ നൽകിയും രക്ഷിച്ചെടുക്കുകയും വേണം. വചനാടിസ്ഥാനത്തിൽ സ്വവർഗ്ഗഭോഗത്തിലെ തെറ്റുകൾ ഏതെല്ലമെന്നു ചിന്തിക്കാം.

**1. സ്വവർഗ്ഗലൈംഗികത ദൈവവചനത്തിനെതിരാണ്.**

ലേവ്യാപുസ്തകം 18: 22 ൽ 'സ്ത്രീയോട് എന്നപോലെ പുരുഷനോട് കൂടെ ശയിക്കരുത്, അത് മ്ലേച്ഛത'. ഇത്തരം മ്ലേച്ഛത ചെയ്യുന്നവരെ വലിയ കുറ്റം ചെയ്തവർ എന്നനിലയിൽ കാണുകയും അവർക്ക് മരണശിക്ഷ കൊടുക്കുകയും വേണം എന്ന് ലേവ്യാപുസ്തകം 20 : 13 ൽ പറയുന്നു. 'പുരുഷകാമികൾ, സ്വയഭോഗികൾ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് 1 കൊരിന്ത്യർ 6 :9, 10 വാക്യങ്ങൾ പറയുന്നു. അതുകൊണ്ട് സ്വവർഗ്ഗഭോഗം ഏതൊക്കെ നിയമവ്യവസ്ഥിതി അംഗീകരിച്ചാലും മാറ്റമില്ലാത്ത ദൈവവചനം ഇതിനെ അംഗീകരിക്കുന്നില്ല. ഈ സ്വഭാവവൈകൃതം ദൈവവചനത്തിന് എതിരാണ്.

**2. സ്വവർഗ്ഗലൈംഗികത പ്രകൃതിനിയമത്തിന് എതിരാണ്.**

ഉല്പത്തി 1 : 27 ൽ 'ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു'. ആണിന് ആണ് കൂട്ടു മതിയായിരുന്നുവെങ്കിൽ ദൈവം ഇങ്ങനെ എഴുതുകയില്ലായിരുന്നു. ആണും പെണ്ണും ചേരുന്നതാണ് ദൈവികമായ കുടുംബവ്യവസ്ഥിതി. പുരുഷൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് ദൈവം കണ്ടപ്പോൾ അവന് തക്കതുണയായി ദൈവം സ്ത്രീയെയാണ് സൃഷ്ടിച്ചത്. (ഉല്പത്തി2:18). മറ്റൊരു പുരുഷനെ അല്ല ദൈവം സൃഷ്ടിച്ചത്. അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും, അവർ ഏകദേഹമായിത്തീരും (ഉല്പത്തി 2:24) എന്നാണ് ദൈവീകവ്യവസ്ഥ. ഒരു പുരുഷൻ മറ്റൊരു പുരുഷനോടും ഒരു സ്ത്രീ മറ്റൊരു സ്ത്രീയോടും അല്ല പറ്റിച്ചേരേണ്ടത്.

**3. സ്വവർഗ്ഗലൈംഗികതയെ ദൈവം ന്യായം വിധിക്കും.**

സോദോം, ഗൊമേറാ എന്ന സ്ഥലമാണ് ഈ സ്വഭാവവൈകൃതത്തിന് ഏറ്റവും പേര് കേട്ടിരുന്ന സ്ഥലം. ഉല്പത്തി 19 : 5 ൽ ലോത്തിന്റെ അടുക്കൽ വന്ന പുരുഷന്മാരെ ലൈംഗികമായി ഉപയോഗിക്കേണ്ടതിന് ഏൽപ്പിച്ചു തരിക എന്ന് പറഞ്ഞ് സോദോം നിവാസികൾ ലോത്തിന്റെ വീട് വളഞ്ഞതായി നാം വായിക്കുന്നു. ഇത്തരം അധർമ്മപ്രവർത്തിയും ദുഷ്കാമവും നിറഞ്ഞതാണ് സോദോം, ഗൊമേറാ പട്ടണങ്ങളെ ദൈവം ഭസ്മീകരിച്ച് ഉന്മൂലനാശം വരുത്തുവാൻ കാരണം എന്ന് 2പത്രോസ് 2: 6,7 ൽ പറയുന്നു. ദൈവത്തെ ഭയമില്ലാത്ത അനാത്മികർ സാത്താനാൽ വഞ്ചിക്കപ്പെട്ട് നിത്യന്യായവിധിക്ക് യോഗ്യരാകുമ്പോഴാണ് സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവ വിരുദ്ധമാക്കുന്നത് എന്നും, അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ടു അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണം ആയത് പ്രവർത്തിക്കുന്നത് എന്നും റോമർ1: 26, 27ൽ വായിക്കുന്നു.

ആകയാൽ ലോകത്തിലെ നിയമവ്യവസ്ഥിതിക്കുപരി ദൈവം അരുളിച്ചെയ്ത ധാർമ്മിക നിയമങ്ങൾ നമുക്ക് ബാധകമാണ്. ഈ ലോകനിയമ വ്യവസ്ഥിതി ദൈവത്തിനും വചനത്തിനും നിരക്കാതെ പോകുമ്പോൾ ഒരിക്കലും മാറ്റമില്ലാത്ത ദൈവവചനം ആയിരിക്കണം നമ്മെ നയിക്കേണ്ടത്. അതിനായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. ദൈവവചനം അനുശാസിക്കുന്ന ധാർമ്മിക, ആത്മീക മൂല്യങ്ങൾ മറിച്ചുകളയുന്ന സുഹൃദ്ബന്ധങ്ങൾ ഒഴിവാക്കുക.

2. ദൈവവചനധ്യാനവും പ്രാർത്ഥനയും ശീലമാക്കുക. അപ്പോൾ ജഡത്തിന്റെ അധാർമ്മികത ഹൃദയത്തിൽ പ്രവേശിക്കാതെ, സ്വയം സൂക്ഷിക്കുവാൻ കഴിയും.

3. സ്വവർഗ്ഗലൈംഗിക ആകർഷണവും മറ്റ് അധാർമ്മിക സ്വഭാവവും കാണിക്കുന്ന ആരെങ്കിലും പരിചയത്തിൽ ഉണ്ടെങ്കിൽ അവരെ വചനത്താൽ ഉപദേശിക്കുക.

4. ലൈംഗിക വൈകൃതങ്ങളും അസ്വഭാവികവും അധാർമ്മികവുമായ ലൈംഗികതകളും പ്രദർശിപ്പിക്കുന്ന സിനിമയോ വീഡിയോകളോ അശ്ലീല വെബ്സൈറ്റുകളോ കാണാതിരിക്കുക.

ദൈവിക വ്യവസ്ഥിതിക്കനുസരിച്ച് സ്വയം സൂക്ഷിക്കുകയും, ലോകത്താലുള്ള മാലിന്യങ്ങൾ ഹൃദയത്തിൽ പ്രവേശിച്ച് പാപത്താൽ മലിനപ്പെടാതെയും ജീവിക്കുന്നവർക്ക് മാത്രമേ ദൈവീക സഹായം ലഭ്യമാവുകയുള്ളൂ. ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ശുദ്ധീകരണം ആണല്ലോ. അതിനാൽ ദൈവഹിതം തിരിച്ചറിഞ്ഞു അതിൽ നിലനിന്ന് ദൈവിക കരുതൽ അനുഭവിക്കുവാൻ നമുക്ക് നമ്മെത്തന്നെ ദൈവത്തിനായി സമർപ്പിക്കാം. •



ഷാജി ഉമ്മൻ

# ട്രാക്ക് മാറ്റിയ കൂടിക്കാഴ്ച

'ട്രെയിൻ നമ്പർ 06112, കൊല്ലം ചെന്നൈ സ്പെഷ്യൽ ട്രെയിൻ ഒരു മണിക്കൂർ വൈകി ഓടുന്നു'. ചെറിയ നിരാശയോടെയാണ് ആ അനൗൺസ്മെന്റ് കേട്ടത്. ഇനി ഒരു മണിക്കൂർ ഇവിടെ ഒറ്റയ്ക്ക് ഇരിക്കണമല്ലോ. എങ്കിലും പതിവ് പോലെ നിരാശയുണ്ടാക്കിയ ആ അനൗൺസ്മെന്റിന് ദൈവത്തിനു സ്തോത്രം നൽകി. എല്ലാം നന്മയ്ക്കാണെന്നല്ലേ റോമർ 8:28ൽ പറഞ്ഞിരിക്കുന്നത്.

ചുറ്റും നോക്കി. അടുത്ത കോച്ച് പൊസിഷനിൽ ഒരു ചെറുപ്പക്കാരൻ തനിയെ ഇരിക്കുന്നത് എന്റെ ശ്രദ്ധയിൽ പെട്ടു. മുഖത്ത് ഒരു പ്രസാദമില്ല. ഞാൻ പതിയെ എഴുന്നേറ്റു രണ്ടു തവണ ആ ചെറുപ്പക്കാരന്റെ മുന്നിലൂടെ നടന്ന് അദ്ദേഹത്തെ ശ്രദ്ധിച്ചു. അയാൾ എവിടെയോ നോക്കി വെറുതെയിരിക്കുന്നു. ഞാൻ പതുക്കെ അവന്റെ സീറ്റിനു 2 സീറ്റ് അപ്പുറത്തു മാറിയിരുന്നു.

'ഈ ട്രെയിനിന് പോകേണ്ടിയതായിരുന്നോ'

'അതെ, ഇനി ഇവിടെ ഒരു മണിക്കൂർ വെറുതെയിരിക്കണമല്ലോ'

സംഭാഷണത്തിന് ഒരു തുടക്കം കിട്ടിയതിൽ സന്തോഷം തോന്നി.

പേരെന്താണ്?

കിരൺ,

കിരണിന്റെ വീട് എവിടെയാണ്?

'കൊല്ലത്താണ് എന്റെ വീട്'

കിരൺ എന്ത് ജോലി ചെയ്യുന്നു?

'ഇപ്പോൾ ജോലി അന്വേഷിച്ചു നടക്കുക എന്നതാണ് എന്റെ ജോലി' നിരാശയോടെയാണെങ്കിലും ഒരു ചെറുചിരിയോടെയാണ് കിരൺ അത് പറഞ്ഞത്. 'ബി. ടെക് കഴിഞ്ഞതാണ്, എന്ത് പ്രയോജനം! പലയിടത്ത് ആപ്ലിക്കേഷൻ കൊടുത്തു. എല്ലാം നിരാശാജനകം. എഡ്യൂക്കേഷൻലോൺ എടുത്താണ് പഠിച്ചത്. അത് ഇപ്പോൾ ഒരു വലിയ തുകയായി മാറിയിരിക്കുന്നു. ബാങ്കിൽ നിന്നും നോട്ടീസ് വന്നു തുടങ്ങി'. കിരൺ തന്റെ മനസ്സ് തുറന്നു പറയത്തക്കവണ്ണം നിരാശനായിരുന്നു. എവിടെ നിന്നെങ്കിലും ഒരു ആശ്വാസത്തിന്റെ കച്ചിത്തുരുമ്പു ലഭിക്കും എന്ന് കരുതിയായിരിക്കും ഇത്രയും ഓപ്പൺ ആയത്.

'വീട്ടിൽ ആരൊക്കെയുണ്ട്'?

'അച്ഛൻ, അമ്മ, രണ്ടു ഇളയ സഹോദരികൾ', എന്നിലായിരുന്നു എല്ലാവരുടെയും പ്രതീക്ഷ. എന്നാൽ ഇപ്പോൾ എല്ലാവരും നിരാശയിലാണ്'

ഞാൻ ചോദിച്ചതിന്റെ ഉത്തരത്തിനു പുറമെ അവന്റെ മനസ്സിലെ ഭാരക്കെട്ടുകൾ അഴിക്കുകയാണ്.

ട്രെയിൻ വരാൻ ഇനി 50 മിനിട്ടുണ്ട്. ഞാൻ കർത്താവിൽ ആശ്രയിച്ചു, സംസാരിക്കാൻ സമയമായി എന്ന് എനിക്ക് തോന്നി.

'മോനെ, ഇങ്ങനെ നിരാശപ്പെടരുത്. എല്ലാം നന്മയ്ക്കായിട്ടാണ് ദൈവം നമ്മുടെ ജീവിതത്തിൽ തരുന്നത്'.

'ഈ തിന്മയെല്ലാം എന്റെ ജീവിതത്തിൽ തരുന്നതാണോ ദൈവത്തിന്റെ നന്മ? ഞാൻ കഴിയുന്നതും ആർക്കും തിന്മ ചെയ്യാതെ നല്ലവനായി ജീവിക്കാൻ ആഗ്രഹിക്കുന്നവനാണ്. ദൈവം ഉണ്ടായിരുന്നെങ്കിൽ എനിക്ക് ഈ കഷ്ടത ഉണ്ടാകുമായിരുന്നോ? എനിക്ക് ദൈവം ഉണ്ടെന്നുള്ള വിശ്വാസം തന്നെ നഷ്ടപ്പെട്ടു ചേട്ടാ'. അവൻ ചെറിയ രീതിയിൽ ഒന്ന് പൊട്ടിത്തെറിക്കുകയായിരുന്നു.

'അങ്ങനെയങ്ങു നിരാശനാകാതെ... ഒരു നിമിഷം നാം നമ്മിലേക്ക് തന്നെ ഒന്ന് നോക്കിയാട്ടെ. മോന് ആരോഗ്യമുള്ള ഒരു ശരീരമില്ലേ? നമ്മുടെ ആന്തരീക അവയവങ്ങൾ എത്രമാത്രം വിലയേറിയതാണ്? ഉള്ളിൽ നിശബ്ദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കരൾ, കിഡ്നികൾ, ശ്വാസകോശം, ഹൃദയം... ഇവയൊക്കെ എത്ര വിലയേറിയതാണ്. അത് നമ്മുടെ സ്വന്തമല്ലേ? അവയൊക്കെ മാറ്റിവയ്ക്കേണ്ടി വരുമ്പോഴാണ് അതിന്റെ വില മനസ്സിലാവുക. ലക്ഷങ്ങളോ, കോടികളോ വിലമതിക്കുന്നവയാണ് നമ്മുടെ അവയവങ്ങൾ. കോടിക്കണക്കിന് രൂപ മുടക്കിയാലും ഇതുപോലെ ഒന്ന് നമുക്ക് ഉണ്ടാക്കാൻ പറ്റുമോ!

പിന്നെ മോൻ പറഞ്ഞത് ദൈവം ഉണ്ടെന്നുള്ള വിശ്വാസം നഷ്ടപ്പെട്ടു എന്നല്ലേ? നമ്മുടെ ശരീരം നോക്കിയാൽ തന്നെ നമുക്ക് മനസ്സിലാകും ഇതിന്റെ പുറകിൽ ഒരു സ്രഷ്ടാവുണ്ടെന്ന്. നമ്മുടെ ശരീരത്തിലെ ഒരു കോശം, സൂക്ഷ്മദർശിനിയിൽക്കൂടി മാത്രം കാണാൻ കഴിയുന്ന ആ കോശങ്ങളിൽ ഓരോന്നിലും നമ്മുടെ ജനിതകമായുള്ള കോടിക്കണക്കിനു വിവരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരമാണ് ഒരു മനുഷ്യന്റെ നീളം, നിറം, കണ്ണിന്റെ നിറം, തലമുടി എന്ന് നരയ്ക്കും... എന്നിങ്ങനെ അനേക കാര്യങ്ങൾ നടക്കുന്നത്.

മാത്രമല്ല നാം വസിക്കുന്ന ഭൂമി, വെളിച്ചം തരുന്ന സൂര്യൻ, ചന്ദ്രൻ, കോടിക്കണക്കിനു നക്ഷത്രങ്ങൾ എന്നിവയുടെ ക്രമീകരണങ്ങൾ എത്ര അത്ഭുതകരമാണ്. മുന്നൂറ്റിയറുപത്തിയഞ്ചേകാൽ ദിവസങ്ങൾ കൊണ്ട് ഭൂമി സൂര്യനെ ഒന്ന് വലം വയ്ക്കുന്നു. ഒരു സെക്കൻഡിൽ ഏകദേശം 30 കിലോമീറ്റർ സ്പീഡിലാണ് ഭൂമി സഞ്ചരിക്കുന്നത് എന്നോർക്കണം. 24 മണിക്കൂർ കൊണ്ട് സ്വയം ഒന്ന് ചുറ്റുന്നു. ഒരു നിമിഷം പോലും വ്യത്യാസം വരാതെ എല്ലാം കൃത്യമായി നടക്കുന്നു.' കൈകൊണ്ടു ആംഗ്യം കാട്ടി അവന്റെ കണ്ണുകളിലേക്കു തന്നെ നോക്കിയാണ് ഞാൻ ഇത് പറഞ്ഞത്.

'പക്ഷെ, ചേട്ടാ ഈ പരിണാമസിദ്ധാന്തവും, ബിഗ്ബാങ് തിയറിയുമൊക്കെ മനസ്സിലാക്കുമ്പോൾ അതല്ലേ ശരിയെന്നു തോന്നുന്നു'. കിരൺ ആദ്യത്തെ ആ മന്ദത വിട്ടു, ഉത്സാഹത്തോടെ സംഭാഷണത്തിൽ ഏർപ്പെടാൻ തുടങ്ങി.

'നോക്കൂ കിരൺ, ഡാർവിന്റെ പരിണാമസിദ്ധാന്തമനുസരിച്ചു ഒരു ഏകകോശ ജീവി ജലത്തിൽ തനിയെ ഉണ്ടായി, അതിൽ നിന്നും പല വർഷങ്ങൾ കൊണ്ട് ബഹുകോശജീവികൾ ഉണ്ടായി. മൽസ്യം ഉണ്ടായി, മൽസ്യം കരയിലേക്ക് കയറി, നടക്കാനുള്ള കാലുകളൊക്കെയുണ്ടായി, നാല് കാലിൽ നടന്നു. വർഷങ്ങൾ കഴിഞ്ഞപ്പോൾ 2 കാലിൽ നടക്കുന്ന കുരങ്ങുണ്ടായി. അതിൽ നിന്നും മനുഷ്യൻ ഉണ്ടായി എന്നൊക്കെയാണ് ഈ സിദ്ധാന്തം പഠിപ്പിക്കുന്നത്. എന്നാൽ നമ്മുടെ യുക്തി വച്ച് ഒന്ന് ചിന്തിച്ചാൽ വെള്ളത്തിൽ നിന്നും കരയിലേക്ക് കയറിയ ജീവിക്കും, നാലു കാലിൽ നിന്ന് രണ്ടു കാലിലേക്ക് മാറിയ ജീവിക്കും, പരിമിതികളുള്ള അവയവങ്ങളായിരിക്കും ഉള്ളത്. കുരങ്ങിൽ നിന്നും മനുഷ്യൻ പരിണാമത്തിലൂടെ ഉണ്ടായതെങ്കിൽ പരിമിതികളുള്ള ഒരു തലച്ചോറിന്റെ ഉടമയായിരിക്കണം മനുഷ്യൻ. എന്നാൽ ശാസ്ത്രം പറയുന്നത്, ഐൻസ്റ്റീൻ എന്ന ശാസ്ത്രജ്ഞൻ പോലും അദ്ദേഹത്തിന്റെ രണ്ടു ശതമാനം തലച്ചോറാണ് ഉപയോഗിച്ചത് എന്നാണ്. അപ്പോൾ മനുഷ്യന്റെ തലച്ചോർ മാനവരാശിക്ക് അനേക വർഷങ്ങൾ കഴിഞ്ഞാണെങ്കിലും ഉപയോഗിക്കാൻ പ്രാപ്തിയുള്ള പരിമിതികളില്ലാത്ത ഒന്നാണ്. പരിണാമമായിരുന്നെങ്കിൽ അപൂർണ്ണമായ ബുദ്ധിയുടെ ഉ

ടമയായിരിക്കണം മനുഷ്യൻ. മനുഷ്യൻ ഉണ്ടാക്കുന്ന കംപ്യൂട്ടറിന്റെ ശക്തി അളക്കുന്നത് KBite , MB ,GB ,TB , PB എന്നിങ്ങനെയാണ്.

'അത് ശരിയാണ് ഇതിന്റെയൊക്കെ പുറകിൽ ഒരു ശക്തി ഇല്ലെങ്കിൽ ഇത്ര ക്രമീകൃതമായി എല്ലാ കാര്യങ്ങളും ഇങ്ങനെ കാണുകയില്ലായിരുന്നു. എത്രയോ കോടി വർഷമായി സൂര്യന് ചുറ്റും ഭൂമി കറങ്ങുന്നു. ഭൂമിയുടെ വേഗം അല്പം കുറഞ്ഞാൽ സൂര്യനിൽ ചെന്ന് പതിക്കും. വേഗം അല്പം കൂടിയാൽ ഭൂമിയുടെ ഭ്രമണപഥത്തിൽ നിന്ന് തെറ്റി ശൂന്യാകാശത്തിലേക്ക് എന്നെന്നേക്കുമായി സൂര്യനിൽ നിന്ന് അകന്നു പോകും'. കിരൺ സ്വല്പം ആവേശഭരിതനായി. അൽപസമയം ചിന്തിച്ചതിനുശേഷം കിരൺ ആത്മഗതം ചെയ്തു 'ദൈവം ഉണ്ടെങ്കിലും ഇല്ലെങ്കിലും എനിക്കെന്ത് കാര്യം?'

'എന്ത് കാര്യമെന്നോ? ഞാൻ അതിനെക്കുറിച്ച് അല്പം വിശദമായി പറയാം. മനുഷ്യന് മാത്രമേ ആത്മാവുള്ളു' ട്രെയിൻ വരുവാൻ ഇനി 40 മിനിറ്റ് ഉണ്ട്, പ്രധാന കാര്യങ്ങളിലേക്ക് കയറാം എന്ന് വിചാരിച്ചു ഞാൻ തുടർന്നു.

'അതെങ്ങനെ നമുക്ക് തീർത്തു പറയാൻ പറ്റും'? കിരണിന്റെ ന്യായമായ സംശയം അവൻ വെളിപ്പെടുത്തി.

'ഞാൻ വിശദമാക്കാം. എന്നെങ്കിലും മൃഗം സൂര്യനെയോ ചന്ദ്രനെയോ അഗ്നിയേയോ വണങ്ങുന്നത് കണ്ടിട്ടുണ്ടോ? ഇല്ല, കാരണം അവയ്ക്ക് ആത്മാവില്ല. അതുകൊണ്ട് ദൈവത്തെ അന്വേഷിക്കേണ്ട കാര്യമില്ല. എന്നാൽ ഏത് കാട്ടുനിവാസികൾ ആണെങ്കിലും അവൻ ഏതെങ്കിലും ഒരു ശക്തിയെ കണ്ട് ഭയപ്പെട്ട് അത് ദൈവമായിരിക്കും എന്ന് കരുതി അതിനെ വണങ്ങും. കാട്ടുതീയുടെ ഭീകരത മനസ്സിലാക്കി അത് ദൈവം എന്ന് കരുതി അതിനെ വണങ്ങുന്നവർ, സൂര്യന്റ ശക്തി മനസ്സിലാക്കി അതിനെ വണങ്ങുന്നവർ, കടലിനെ, കാറ്റിനെ, പർവ്വതത്തെ ഇങ്ങനെ മനുഷ്യന് ശക്തമായി തോന്നുന്ന എല്ലാത്തിനെയും ദൈവമെന്ന് കരുതി വണങ്ങുന്നു. ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത് ഓരോ മനുഷ്യനിലും ഒരു ആത്മാവുണ്ട്; തന്റെ സ്രഷ്ടാവിനെ അന്വേഷിക്കുന്ന ഒരു മനുഷ്യാത്മാവ്.

'ചേട്ടൻ പറഞ്ഞത് ശരിയാണ്. മനുഷ്യൻ മാത്രമേ ദൈവത്തെ അന്വേഷിക്കുന്നുള്ളൂ'. കിരൺ കൂടുതൽ മനസ്സിലാക്കണമെന്ന് ആഗ്രഹത്തോടെ എനിക്ക് പ്രോത്സാഹനം തന്നു.

## 'ചേട്ടൻ പറഞ്ഞത് ശരിയാണ്. മനുഷ്യൻ മാത്രമേ ദൈവത്തെ അന്വേഷിക്കുന്നുള്ളൂ'.....

'അതെ, മനുഷ്യന് മറ്റ് ജീവജാലങ്ങളുമായി വലിയ വ്യത്യാസം ഉണ്ട്. ഉദാഹരണത്തിന് ഒരു എട്ടുകാലി എത്ര മനോഹരമായും അത്ഭുതകരവുമായാണ് വല നെയ്യുന്നത്. അതിന്റെ മാതാപിതാക്കൾ അതിനെ പഠിപ്പിക്കേണ്ട കാര്യമില്ല. അതിന്റെ ചെറിയ തലച്ചോറിൽ പ്രോഗ്രാം ചെയ്തു വച്ചിട്ടുണ്ട്. എല്ലാ ജീവജാലങ്ങൾക്കും അതിന്റേതായ കഴിവുകളും പ്രത്യേകതകളുമുണ്ട്. എന്നാൽ നോക്കൂ... ഒരു മനുഷ്യക്കുഞ്ഞ് ജനിക്കുമ്പോൾ അവനെ ഒരു മനുഷ്യനെയും കാണിക്കാതെ അതായത് മാതാപിതാക്കളെ പോലും കാണിക്കാതെ പോഷകാഹാരം മാത്രം നൽകി ഒരു മുറിയിൽ അടച്ചിട്ട് വളർത്തുകയാണ് എന്ന് സങ്കൽപ്പിക്കുക. 18 വയസ്സ് ആകുമ്പോൾ അവനെ തുറന്നു വിടുകയാണെങ്കിൽ? ലോകത്തിലെ ഏത് മൃഗത്തേക്കാളും അവൻ പ്രാകൃതനായിരിക്കും, ഭീകരനായിരിക്കും. കാരണമെന്താണ്? മനുഷ്യന്റെ ഉള്ളിൽ മാത്രം ഒരു ശൂന്യതയുണ്ട്. അവിടെ ദൈവം വസിക്കേണ്ട ഇടമാണ്. അവിടെ ദൈവം ഇല്ലെങ്കിൽ മനുഷ്യൻ മൃഗത്തേക്കാൾ കഷ്ടമാണ്. അതാണ് ഇന്ന് നാം പലപ്പോഴും മാധ്യമങ്ങളിൽ കാണുന്നത്'. ഞാൻ പറഞ്ഞുനിർത്തി, അവന്റെ കണ്ണുകളിലേക്ക് നോക്കി. കേൾക്കുവാൻ താല്പര്യം ഉണ്ടോയെന്ന് മനസ്സിലാക്കി എങ്കിൽ മാത്രമേ കൂടുതൽ പറയുവാനും കഴിയൂ.

'ദൈവം ഉണ്ടെങ്കിൽ ആ ദൈവം എപ്രകാരമുള്ള ദൈവം ആയിരിക്കും. ഇന്നേവരെ എനിക്ക് കാണുവാനോ കേൾക്കുവാനോ കഴിഞ്ഞിട്ടില്ല. പിന്നെ എങ്ങനെ ദൈവത്തെ ഞാൻ മനസ്സിലാക്കും ?' അവന്റെ ന്യായമായ ആ ചോദ്യത്തിനു മുമ്പിൽ അല്പസമയം ചിന്തിച്ചശേഷം ഞാൻ സംസാരം തുടർന്നു...

**അടുത്ത ലക്കത്തിൽ തുടരും....**



വാച്ച്മാൻ നീ

# തിരിഞ്ഞു നോക്കുവിൻ

***നീതിയെ പിന്തുടരുന്നവരും യഹോവയെ അന്വേഷിക്കുന്നവരും ആയുള്ളോരേ, എന്റെ വാക്കു കേൾപ്പിൻ; നിങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും നിങ്ങളെ കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും തിരിഞ്ഞുനോക്കുവിൻ (യെശയ്യാവ് 51:1)***

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ അടിസ്ഥാനപരമായി ആവശ്യമുള്ള ഒന്നാണ് സഹോദരസ്നേഹം. ശലോമോൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ദരിദ്രനെ പരിഹസിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെ നിന്ദിക്കുന്നു (സദൃശ്യം 17:5). ദൈവം സകല മനുഷ്യരുടെയും സ്രഷ്ടാവാണ്. അതിനാൽ അവരിൽ ആരെയെങ്കിലും നിന്ദിക്കുകയോ ആരോടെങ്കിലും അഹിതം തോന്നുകയോ ചെയ്യുന്ന ഒരാളും യഥാർത്ഥ ക്രിസ്ത്യാനിയോ ക്രിസ്തുവിന്റെ ദാസനോ ആകുവാൻ യോഗ്യനല്ല. മനുഷ്യൻ പാപത്തിൽ വീണുപോയി എന്നത് ശരിയാണ്. എന്നാൽ വീണുപോയ മനുഷ്യനെ പാപത്തിൽ നിന്നും വീണ്ടെടുക്കുവാൻ ക്രിസ്തുവിന്റെ അഗാധസ്നേഹം കാൽവറി ക്രൂശിൽ വെളിപ്പെടുത്തിയതും, ദൈവം മനുഷ്യനായി ജന്മമെടുത്തതും എത്രയോ അത്ഭുതാവഹമാണ്. ത്യാഗത്തിന്റെ പൂർണ്ണതയും ഇതിൽ ദൃശ്യമാണ്.

ക്രിസ്തീയപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പലരെയും ബാധിച്ചിരിക്കുന്ന ഗുരുതരമായ വീഴ്ച മനുഷ്യരോടുള്ള പരിമിതമായ സ്നേഹമാണ്. ഒരു വ്യാപാരിക്ക് വില്പന നടത്തുവാൻ തന്റെ അടുക്കൽ വരുന്നവരെ സ്നേഹിക്കണമെന്നില്ല. എന്നാൽ ക്രിസ്തീയവേലക്കാരന് മനുഷ്യരെ സ്നേഹിക്കാതെ സുവിശേഷത്തിന് സാക്ഷ്യം വഹിപ്പാൻ ഒരിക്കലും സാധ്യമല്ല. പലരും ഇന്ന് മനുഷ്യരെ തരം തിരിച്ച് കാണുന്നതിന്റെ പ്രധാന കാരണം തെറ്റായ വിലയിരുത്തലും മറ്റുള്ളവരോടുള്ള മതിപ്പില്ലായ്മയുമാണ്. ദൈവത്തിൽ വിശ്വസിക്കുന്ന നമുക്ക് പാപികളായ മനുഷ്യരിൽ താല്പര്യമുണ്ടോ എന്നതാണ് പ്രധാന ചോദ്യം. ദൈവം ലോകത്തെ സ്നേഹിച്ചു എന്നാണല്ലോ തിരുവെഴുത്ത് വെളിപ്പെടുത്തുന്നത്. മനസ്സിനിഷ്ടപ്പെട്ട ചിലരോട് മാത്രം ഉള്ള താല്പര്യമല്ല സഹോദരസ്നേഹം. സകല മനുഷ്യരും നമ്മുടെ സഹോദരങ്ങളാണ്. അങ്ങനെയായിരിക്കണം നമ്മുടെ മനോഭാവവും. അതായത് നമ്മുടെ സഭാവിഭാഗത്തിൽപ്പെട്ടവരെ മാത്രം സ്നേഹിക്കുന്നതിൽ ഒതുങ്ങി നിൽക്കരുത് നമ്മുടെ സ്നേഹം.

സുവിശേഷം പ്രസംഗിക്കുന്നത് ഒരു കടമ എന്നതിനപ്പുറമായി ജനങ്ങളെ സ്നേഹിച്ചുകൊണ്ട് ചെയ്യുവാൻ കഴിയുന്നില്ലെങ്കിൽ ദൈവപ്രസാദം ഉണ്ടാകുന്നില്ല. യേശു തന്റെ ജീവനെ മറ്റുള്ളവർക്ക് മറുവിലയായി നൽകിയത് മനുഷ്യരോടുള്ള അവിടുത്തെ നിസ്സീമമായ സ്നേഹത്തിന്റെ ബഹിർഗമനം ആയിരുന്നു. ആ സ്നേഹം നിസ്വാർത്ഥം ആയതുകൊണ്ട് ക്രൂശിലെ മരണത്തോളം അവരെ സ്നേഹിക്കാൻ യേശുവിനു കഴിഞ്ഞു. ദൈവം എല്ലാവരെയും തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചുവെന്നും അങ്ങനെ എല്ലാ മനുഷ്യരും ദൈവത്തിന് ഏറ്റവും വിലയുള്ളവർ ആകുന്നു എന്നും എല്ലാവരുടെയും മേൽ ദൈവത്തിന്റെ സ്നേഹം പതിച്ചിരിക്കുന്നു എന്നുമുള്ള ആത്മീയ പ്രകാശം നമ്മുടെ ഹൃദയങ്ങളിൽ വെളിപ്പെടണം. ചില മനുഷ്യരോട് മാത്രമാണ് നമ്മുടെ സ്നേഹമെങ്കിൽ ക്രിസ്തുവിന് വേണ്ടി മനുഷ്യരെ ശുശ്രൂഷിപ്പാൻ നമുക്ക് ഒരിക്കലും സാധ്യമല്ല.

നിർഭാഗ്യവശാൽ ചിലരെങ്കിലും ചില മനുഷ്യരെ ഒരു ഭാരമായും വില കുറഞ്ഞവരായും കരുതുന്നു. അവരുടെ പ്രവൃത്തികൾ നിമിത്തമോ പരിചയിച്ച സംസ്കാരപാരമ്പര്യങ്ങൾ നിമിത്തമോ ആയിരിക്കാം അങ്ങനെ ചിന്തിക്കുന്നത്. പ്രകൃതിയാൽ നാമും പാപികൾ ആയിരുന്നിട്ടും പാപികളായ മറ്റു മനുഷ്യരോട് ക്ഷമിക്കുവാൻ മടി കാണിക്കുന്നത് എന്തുകൊണ്ടാണ്? അവരും നമ്മെപ്പോലെ ഏതെങ്കിലും കുറവുകളും ബലഹീനതകളും ഉള്ളവരാണെന്ന് മനസ്സിലാക്കുവാൻ എന്തുകൊണ്ട് കഴിയുന്നില്ല? ദൈവത്തിന് അവർ വിലയുള്ളവരാണെന്ന് നാം തിരിച്ചറിയുമ്പോൾ അവരെ സ്നേഹിക്കാതിരിക്കുവാൻ നമുക്ക് എങ്ങനെയാണ് കഴിയുക? നല്ല ഇടയനായ യേശുവിന് മറ്റെല്ലാ ആടുകളെയും വിട്ടിട്ട് നഷ്ടപ്പെട്ട ഒരാടിനെ അന്വേഷിച്ചു പോകാൻ കഴിഞ്ഞത് എല്ലാവരും അവിടുത്തേക്ക് വിലപ്പെട്ടവരായതുകൊണ്ടാണ്. നഷ്ടപ്പെട്ടുപോയ മകനെ സ്വാഗതം ചെയ്യുവാൻ സ്നേഹനിധിയായ പിതാവിന് കഴിഞ്ഞതും നിർവ്യാജ സ്നേഹം നിമിത്തം ആയിരുന്നുവല്ലോ. അങ്ങനെയെങ്കിൽ മറ്റുള്ള മനുഷ്യരെ സ്നേഹിക്കാതെ എങ്ങനെ ദൈവപ്രസാദമുള്ള ആത്മീയ പ്രവർത്തനങ്ങളിൽ നമുക്ക് വ്യാപൃതരാകുവാൻ സാധിക്കും? നമ്മുടെ ഹൃദയം അല്പം കൂടെ വിശാലമാവുകയും അതിരുകൾ വിസ്തൃതം ആവുകയും ചെയ്യാത്ത പക്ഷം ദൈവമുമ്പാകെ നാം ഉപയോഗശൂന്യരായിരിക്കും. ദൈവം മനുഷ്യനെ എത്രമാത്രം വിലമതിക്കുന്നു എന്നും ദൈവഹൃദയത്തിൽ മനുഷ്യനുള്ള സ്ഥാനം എന്തെന്നും ഉള്ള ഉൾക്കാഴ്ച നമുക്ക് ആവശ്യമാണ്. അല്ലാതെ ദൈവവേലയിൽ പങ്കാളിയാണെന്നും ക്രിസ്ത്യാനിയാണെന്നും അഭിമാനിക്കുന്നത് വെറുതെയാണ്. മനുഷ്യരെ സ്നേഹിക്കാത്തവന് അവരെ ആത്മരക്ഷയിലേക്ക് നയിക്കുവാൻ എങ്ങനെ കഴിയും?

**മനുഷ്യരോടുള്ള സ്നേഹത്തിന്റെ അഭാവം ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ്. സഹോദര സ്നേഹത്തിന്റെ അഭാവം പരിഹരിക്കപ്പെട്ടെങ്കിൽ മാത്രമേ ഇങ്ങനെയുള്ള സ്വാർത്ഥ ചിന്തകളിൽ നിന്ന് പുറത്തുവരുവാൻ ഓരോരുത്തർക്കും സാധിക്കുകയുള്ളൂ.**

ചില ആളുകൾക്ക് ഒട്ടും അറിവില്ല എന്നും മറ്റു ചിലർ വളരെ കഠിനന്മാരാണെന്നും നാം ചിന്തിക്കരുത്. മനുഷ്യരോടുള്ള സ്നേഹത്തിന്റെ അഭാവം ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ്. സഹോദരസ്നേഹത്തിന്റെ അഭാവം പരിഹരിക്കപ്പെട്ടെങ്കിൽ മാത്രമേ ഇങ്ങനെയുള്ള സ്വാർത്ഥ ചിന്തകളിൽ നിന്നും പുറത്തുവരുവാൻ ഓരോരുത്തർക്കും സാധിക്കുകയുള്ളൂ. ചിലരോട് സംസാരിക്കുവാൻ പാടില്ല, അവരോട് അകന്ന് നിൽക്കണം എന്നുള്ള ചിന്ത മനുഷ്യരോടുള്ള സ്നേഹം ഇല്ലായ്മ എന്ന അടിസ്ഥാനപ്രശ്നം നിമിത്തമാണ്. സാമ്പത്തിക ചുറ്റുപാടിൽ വളർന്നു പരിചയിച്ച ചിലരെങ്കിലും സാധാരണക്കാരായ ജനങ്ങളോട് ഇടപെടുമ്പോൾ ഉന്നതഭാവം സ്വീകരിക്കുന്നു. എല്ലാവരുടെയും ശുശ്രൂഷകനായി വന്ന യേശുക്രിസ്തുവിൽ ഉണ്ടായിരുന്നതിൽ നിന്നും എത്രയോ ഭിന്നമായ ഒരു നിലപാടാണ് ഇത്. ക്രൈസ്തവസാക്ഷ്യം നിലനിറുത്തണമെങ്കിൽ ഈ മനോഭാവത്തിന് തീർച്ചയായും മാറ്റം ഉണ്ടാകണം. നല്ല വിദ്യാഭ്യാസമോ ജ്ഞാനമോ ലഭ്യമായവർ, എന്തോ വലിയ ഒരു ത്യാഗം ചെയ്യുന്ന നിലയിൽ തങ്ങളേക്കാൾ എല്ലാ നി

ലയിലും താഴ്ന്ന നിലവാരമുള്ളവരുടെ ഇടയിൽ പ്രവർത്തിക്കുന്നു എന്ന് പ്രശംസിക്കുന്നെങ്കിൽ, അത് താഴ്മയുടെ കൃത്രിമമായ അഭിനയം മാത്രമാണ്. ക്രിസ്തു, മനുഷ്യരുടെ ഇടയിൽ ജീവിച്ചപ്പോൾ ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനെന്നു മറ്റുള്ളവർക്ക് മനസ്സിലാകുന്ന നിലയിലാണ് ജീവിച്ചത്. അനേകരും തങ്ങളേക്കാൾ താഴ്ന്ന നിലയിലുള്ളവരോട് ഇടപെടുമ്പോൾ അവരോട് ഏതോ ആനുകൂല്യം കാണിക്കുന്നതുപോലെ പെരുമാറുന്നു. കൃത്രിമമായ ആ പെരുമാറ്റം നിമിത്തം നാം അവരിൽ നിന്ന് വ്യത്യസ്തരാണ് എന്നുള്ള തോന്നൽ അവർക്ക് ഉണ്ടാകുന്നു. എല്ലാവരും പാപികൾ ആയതുകൊണ്ട് മറ്റുള്ളവരിൽ നിന്ന് ഏത് നിലയിലാണ് നാം വ്യത്യസ്തർ ആകുന്നത്?

നാം ആരായിരുന്നു എന്ന് ഓർക്കാത്തത് കൊണ്ടാണ് ഇങ്ങനെയൊക്കെ പെരുമാറുന്നത്. ഒരുപക്ഷേ നിങ്ങൾ പറയുമായിരിക്കും, ചതിയന്മാരും സംസ്ക്കാരമില്ലാത്തവരും അസാന്മാർഗികരുമായ ആളുകളുമായി കൂടുതൽ അടുക്കുന്നത് എന്റെ സ്റ്റാറ്റസിന് ചേർന്നതല്ല എന്ന്. അപ്പോൾ നിങ്ങൾ നിങ്ങളുടെ സ്വജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കിയാൽ മാത്രം മതിയാവും. ഈ ദൈവകൃപ നമ്മെ കണ്ടെത്തിയപ്പോൾ നാം എവിടെയായിരുന്നു? ദൈവകൃപ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് നമ്മുടെ അവസ്ഥ എന്താകുമായിരുന്നു? ഏതെങ്കിലും നിലയിൽ നിങ്ങൾക്ക് അവരെക്കാൾ വ്യത്യാസമുണ്ടായിരുന്നുവോ? ഇല്ല, ഒരിക്കലുമില്ല. പ്രകൃതിയാൽ നാമും അവരെപ്പോലെ പാപികൾ ആയിരുന്നു. കൃപയാൽ രക്ഷിക്കപ്പെട്ട ഒരു പാപി. ദൈവകൃപ നമ്മിൽ എന്തൊക്കെ പ്രവർത്തിച്ചിരിക്കുന്നു എന്നുള്ള ഒരു ധ്യാനം ഉണ്ടായാൽ മറ്റുള്ളവർക്ക് മീതെ നാം നമ്മെത്തന്നെ ഉയർത്തുകയില്ല. മാത്രമല്ല ദൈവമുമ്പാകെ എപ്പോഴും താണുവണങ്ങുന്നതിനും മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠരായി എണ്ണുന്നതിനും സ്നേഹിക്കുന്നതിനും അതു കാരണമാകും. ലഭിച്ചതല്ലാതെ നമുക്ക് എന്താണുള്ളത്? ലഭിച്ചു എങ്കിലും ലഭിച്ചതല്ല എന്നപോലെ പ്രശംസിക്കുന്നത് എന്ത്? നാമും പാപികളായിരുന്നു എന്ന് ഓർക്കുമ്പോൾ മറ്റുള്ളവരുടെ അടുക്കലേക്ക് സ്നേഹത്തോടെ എത്തുവാൻ നമുക്കും സാധിക്കും.

എല്ലാ മനുഷ്യരെയും സ്നേഹിക്കുക എന്ന് പറയുമ്പോൾ അവരിലുള്ള പാപത്തോട് പൊരുത്തപ്പെടുക എന്നല്ല അർത്ഥം. പാപികളിൽ നമുക്ക് താല്പര്യം ഉണ്ടാവുകയും അപ്പോൾത്തന്നെ അവരുടെ പാപത്തെ ഉപേക്ഷിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ് ദൈവികമായ പ്രവർത്തി. രോഗിയിൽ നിന്ന് ഒരു ഡോക്ടർ ഒരിക്കലും ഒഴിഞ്ഞുമാറില്ലല്ലോ? ഓരോ മനുഷ്യരും പാപരോഗത്താൽ വലയുന്നവർ ആയതുകൊണ്ട് അവരെ സൗഖ്യമാക്കുന്ന യേശുക്രിസ്തുവിനെ പരിചയപ്പെടുത്തുന്നതിൽ നിന്ന് നമുക്ക് ഒഴിഞ്ഞുനിൽക്കുവാൻ ആവില്ല. മനുഷ്യരെ നാം സ്നേഹിക്കുന്നുവെങ്കിൽ നാം അവരെ അന്വേഷിച്ച് അവരുടെ അടുക്കലേക്ക് ചെല്ലും. നമ്മിൽ ആരെങ്കിലും ഏതെങ്കിലും കാരണത്താൽ ദൈവസൃഷ്ടിയായ മനുഷ്യരെ അവഗണിക്കുന്നുവെങ്കിൽ ക്രിസ്തുവിനെ സേവിക്കുന്നതിന് നാം അനർഹരാണ്. കാരണം ദൈവം ലോകത്തെ സ്നേഹിച്ചതുപോലെ അവിടുത്തെ ദാസന്മാർ മനുഷ്യരെ സ്നേഹിക്കുവാൻ ബാധ്യസ്ഥരാണ്. ഒരു മനുഷ്യസ്നേഹിയായി ജീവിക്കുവാൻ ദൈവകരങ്ങളിൽ നമ്മെ സമർപ്പിക്കാം. •

## വിശേഷാൽ അറിയിപ്പ്

**2025 നവംബർ, ഡിസംബർ മാസങ്ങളിൽ അറിയിച്ചിരുന്ന പ്രകാരം പ്രിന്റ്ഡ്കോപ്പി ആവശ്യമുള്ളവർ ഓഫീസിൽ വിളിച്ചറിയിക്കണം. വരിസംഖ്യാ കാലാവധി ബാക്കിയുണ്ടെങ്കിലും പ്രിന്റ്ഡ്കോപ്പി ആവശ്യമുള്ളവർ അറിയിക്കണം. പി ഡി എഫ് ആവശ്യമുള്ളവർ വാട്സാപ്പ് നമ്പർ അറിയിക്കേണ്ടതാകുന്നു. ഓരോരുത്തരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും ഈ ശുശ്രൂഷയ്ക്ക് വലിയ കൈത്താങ്ങലാണ്.**

**എഡിറ്റർ**



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# ചഞ്ചലപ്പെടാതിരിക്കുക

***നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതുതന്നെ; എന്നാൽ അത് അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇത് ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ. അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കയും കൊല്ലുകയും ചെയ്യും; എന്റെ നാമംനിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കയും അന്യോന്യം പകയ്ക്കയും ചെയ്യും. കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും. രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും (മത്തായി 24: 6 - 14)***

**ലോ**കാവസാനത്തിനും യേശുകർത്താവിന്റെ മടങ്ങിവരവിനുമുള്ള അടയാളം എന്തെന്ന് ചോദിച്ച ശിഷ്യന്മാർക്ക് കർത്താവ് ഒരു പ്രത്യേക അടയാളം കൊടുത്തില്ല, പ്രത്യുത സംഭവിക്കുവാൻ പോകുന്ന പ്രധാനപ്പെട്ട ചില കാര്യങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകുകയായിരുന്നു ചെയ്തത്. ഈ കാര്യങ്ങൾ സംഭവിക്കുമ്പോൾ ചഞ്ചലപ്പെടാതെ കർത്താവിന്റെ മടങ്ങിവരവിന്റെ പ്രത്യാശയിൽ ധൈര്യപ്പെടാനാണ് ശിഷ്യന്മാരെ ഉപദേശിച്ചത്.

വിശ്വാസികളെ സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ സാത്താൻ നിയോഗിക്കുന്ന കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും കൊണ്ടുവരുന്ന വ്യാജ ആത്മികതയെക്കുറിച്ചാണ് കർത്താവ് പ്രഥമമായി സംസാരിച്ചത്. ആരും തെറ്റിക്കാതെവണ്ണം ഓരോരുത്തരും സ്വയം സൂക്ഷിക്കുവാൻ കർത്താവ് ഉപദേശിക്കുകയും ചെയ്തു. തുടർന്ന് സഭയ്ക്ക് വെളിയിൽ മുഴുലോകത്തെയും ബാധിക്കുന്ന അരക്ഷിതാവസ്ഥയുടെയും അസമാധാനത്തിന്റെയും സമ്മർദ്ദത്തിൽ അകപ്പെട്ട് ചഞ്ചലപ്പെടാതിരിക്കേണ്ടതിന് നാം ജാഗ്രതയുള്ളവരായിരിക്കണം എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു.

**യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് കേൾക്കും:** രണ്ട് രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം, രണ്ടു രാജ്യങ്ങൾക്കും ഭീമമായ നഷ്ടം ഉണ്ടാക്കുന്നതാണ്. ആ യുദ്ധം എന്തെല്ലാം നഷ്ടം മുഴുലോകത്തിനും വിളിച്ചുവരുത്തും എന്നത് ആശങ്കാജനകമാണ്. മറ്റു രാജ്യങ്ങൾ കൂട്ടുചേരുന്നതിനുള്ള സാധ്യതയും അപകടസൂചന നൽകുന്നതാണ്. സമീപസമയത്തു നടന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങളും, യുദ്ധഭീഷണി നിലനിൽക്കുന്നതുമായ രാജ്യങ്ങളും നമ്മുടെ ഓർമ്മയിൽ വരുന്നില്ലേ? റഷ്യയും യുക്രയിനും തമ്മിൽ പോരാ

അപ്പോസ്തലനായ പൗലോസ് വിശ്വാസികളെ പ്രബോധിപ്പിച്ചിരിക്കുന്നത് എക്കാലത്തും പ്രസക്തവും അനിവാര്യവുമായ ഉപദേശമാണ്. 'ഇനി സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയും അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനവും സംബന്ധിച്ചു ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നത്: കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നുവച്ച് നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ, സുബോധംവിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത്. ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം (2 തെസ്സലോനിക്കർ 2:13).

കർത്താവിന്റെ വരവ് എന്നത് സത്യവിശ്വാസികൾക്ക് ഭയം ഉളവാക്കുന്ന സന്ദേശം അല്ല, പ്രത്യുത പ്രത്യാശയും ധൈര്യവും സന്തോഷവും നൽകുന്നതാണ്. ഒരുങ്ങി കാത്തിരിക്കുന്നവരെ സംബന്ധിച്ച് ഓർക്കാപ്പുറത്ത് പെട്ടെന്ന് സംഭവിക്കുന്ന ഒന്നല്ല കർത്താവിന്റെ വരവ്. അവർ കാത്തിരുന്ന, പ്രതീക്ഷിച്ചിരുന്ന കർത്താവ് ആണല്ലോ വരുന്നത്. അതിനാൽ ഭയവും ഞെട്ടലും മനസ്സിന് ഇളക്കവും ഉണ്ടാകുന്ന നിലയിൽ കർത്താവിന്റെ വരവിനെ അവതരിപ്പിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തിയല്ല എന്നത് വ്യക്തമായി മനസ്സിലാക്കണം.

**'ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും':** അസൂയാലുക്കളായ മനുഷ്യരുടെ ഹൃദയത്തിൽ വിദ്വേഷം വിഷമായി വ്യാപരിക്കുന്നു. അന്യോന്യം ഉള്ള മത്സരമാണ് എവിടെയും നാം കാണുന്നത്. രണ്ട് ജാതികൾ സ്നേഹത്തിലും സഹവർത്തിത്വത്തിലും ജീവിക്കുക അസാധ്യമായിരിക്കുന്നു. ഇത് ആഭ്യന്തര കലാപങ്ങൾക്ക് കാരണമാകുന്നു. ഒന്ന് മറ്റൊന്നിനെ നിന്ദിക്കുകയും തരംതാഴ്ത്തുകയും അവഗണിക്കുകയും ചെയ്യുന്നു. ഈ ദുഷ്പ്രവണതകൾ വർദ്ധിച്ചു വരും എന്ന് കർത്താവ് ഓർമ്മിപ്പിച്ചു. അയൽരാജ്യങ്ങൾ തമ്മിൽ ഉറ്റസൗഹാർദ്ദം ഉണ്ടാകുന്നില്ല, മറിച്ച് സംശയങ്ങളും സംഘർഷം നിലനിർത്തുന്ന അവസ്ഥയും ആണ് നിലനിൽക്കുന്നത്.

**'ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാവും':** ഈ പ്രതിഭാസം ആവർത്തിച്ചുകൊണ്ടിരിക്കുടുന്നതിനാൽ ഉണ്ടായ നഷ്ടം എത്ര ഭീമമാണ്. ഇസ്രായേലും ഹമാസും, ഇസ്രായേലും ഇറാനും, ഇസ്രായേലും സിറിയയും, യമനും തമ്മിലുള്ള സംഘർഷങ്ങൾ എത്ര നാളായി നിലനിൽക്കുന്നു. ഇവ ചില ഉദാഹരണങ്ങൾ മാത്രം. ഇങ്ങനെ കലുഷിതമായ രാഷ്ട്രീയ അന്തരീക്ഷത്താൽ അരക്ഷിതാവസ്ഥ വർദ്ധിക്കുകയും സാമ്പത്തിക തകർച്ചയും അസമാധാനവും മനുഷ്യന് ചോദ്യചിഹ്നമായി മാറുകയും ചെയ്യുമ്പോൾ, അതിന്റെ സമ്മർദ്ദം എല്ലാവരുടെമേലും വരും. ലോകരാജ്യങ്ങൾക്കും അധികാരങ്ങൾക്കും ഇളക്കം സംഭവിക്കുന്നത് ഇളകാത്ത രാജ്യം സ്ഥാപിക്കാൻ യേശുകർത്താവ് വരുന്നു എന്നതിന്റെ തെളിവും സൂചനയും ആയി നാം കാണണം. ചഞ്ചലപ്പെടാതെ പ്രത്യാശ ഉള്ളവരായി ദൈവീകസമാധാനത്താൽ നിറഞ്ഞവരായിരിക്കുവാൻ നമുക്ക് കഴിയണം.

'അത് സംഭവിക്കേണ്ടത് തന്നെ, എന്നാൽ അത് അവസാനം അല്ല' എന്ന് കർത്താവ് നമ്മെ ഓർമ്മിപ്പിച്ചിരിക്കുന്നു. യുദ്ധങ്ങൾ പ്രത്യേകാൽ ഇസ്രായേൽ ഉൾപ്പെട്ടിട്ടുള്ള യുദ്ധങ്ങൾക്ക് വളരെ പ്രാധാന്യം കൽപ്പിച്ച് പ്രവചന വ്യാഖ്യാനങ്ങൾ നടത്തി വിശ്വാസികളെ ഭയപ്പെടുത്തുന്ന പ്രവണത ആത്മീയഗോളത്തിൽ നാം കാണുന്നുണ്ട്. കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പ്രസംഗങ്ങൾ വിശ്വാസികളിൽ പ്രത്യാശയും, ധൈര്യവും, ഒരുങ്ങുന്നതിനുള്ള ഉത്സാഹവും വർദ്ധിപ്പിക്കുന്നില്ല എങ്കിൽ അതിൽത്തന്നെ വ്യർത്ഥമാണ്. ഈ പ്രസംഗങ്ങൾ ഒരുവിധത്തിൽ ഭീതിപ്പെടുത്തുന്നു എങ്കിൽ എത്ര കഷ്ടം! വ്യാജ ആത്മികതയാണ് ഇവിടുത്തെ വില്ലൻ! എല്ലാം നന്നായി വിവേചിക്കുവാൻ ദൈവമക്കൾ പ്രാപ്തരായിരിക്കണം.

യേശുകർത്താവ് മടങ്ങിവരും എന്ന് ദൈവപൈതൽ വിശ്വസിക്കുന്നത് കർത്താവിനോടുള്ള ആത്മബന്ധത്തിൽ, അവിടുത്തെ വാഗ്ദത്തത്തിൽ അടിയുറച്ച് വിശ്വസിക്കുന്നതിനാലാണ്. അപ്രകാരം കർത്താവിന്റെ മടങ്ങിവരവിൽ യഥാർത്ഥമായും വിശ്വസിക്കുന്നവർ, ഒരുങ്ങിയിരിക്കുവാൻ ആത്മാർത്ഥത കാണിക്കുകയും, പ്രത്യാശയുടെ സമൃദ്ധി അനുഭവിക്കുകയും ചെയ്യും. മേലുദ്ധരിച്ച സംഭവങ്ങൾ അല്ല അവരെ ഉണർത്തുന്നത്, പ്രത്യുത ക്രിസ്തുവിനോടുള്ള സ്നേഹം അവരെ നിർബന്ധിക്കുന്നതിനാൽ അവരുടെ പ്രിയകർത്താവിന്റെ വരവിനായി അവർ ഉത്സുകരായി കാത്തിരിക്കുന്നു.

ന്നു. സാമ്പത്തിക തകർച്ചയും തൊഴിൽ ഇല്ലായ്മയും രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി പല നല്ല പദ്ധതികളും ഗവൺമെന്റുകൾ ആവിഷ്കരിക്കുന്നു എങ്കിലും പട്ടിണിപ്പാവങ്ങൾക്ക് കുറവുണ്ടാകുന്നില്ല എന്നതാണ് വാസ്തവം. കടക്കെണിയിൽ വീണുപോകുന്നവരുടെയും സംഖ്യ ക്രമാതീതമായി വർദ്ധിക്കുകയാണ്. പ്രകൃതിക്ഷോഭങ്ങളും വർദ്ധിച്ചു വരുന്നതായിട്ടല്ലേ നാം മനസ്സിലാക്കുന്നത്. ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, മേഘസ്ഫോടനങ്ങൾ എല്ലാം നൽകുന്ന സന്ദേശം കർത്താവിന്റെ മടങ്ങിവരവ് തന്നെയാണ്. ഈ ഭൂമിക്ക് മാറ്റം വരേണ്ടതാണ്. പുതുവാന ഭൂമിയിലാണ് ദൈവം തന്റെ മക്കൾക്ക് സ്വസ്ഥത ഒരുക്കിയിരിക്കുന്നത്.

**'ഇത് ഒക്കെയും ഈറ്റുനോവിന്റെ ആരംഭം അത്രേ'** എന്നാണ് കർത്താവ് പറയുന്നത്. പ്രസവവേദനയുടെ ആരംഭം പോലെ! അതിന്റെ അർത്ഥം ഇനിയും ഇതുപോലുള്ള കൂടുതൽ സംഭവങ്ങൾ ഉണ്ടാകും എന്നാണ്. ലോകത്തിലേക്ക് നോക്കിയാൽ പ്രത്യാശയ്ക്ക് യാതൊരു വഴിയുമില്ല. കർത്താവിന്റെ വരവ് മാത്രമേ പ്രശ്നപരിഹാരം ആയിട്ടുള്ളൂ. അരക്ഷിതലോകത്തിന് സുരക്ഷയും, നിരാശ പടരുന്ന ലോകത്തിന് പ്രത്യാശയും, അസമാധാനമുള്ള ലോകത്തിന് സമാധാനവും, യേശുക്രിസ്തുവിന്റെ മടങ്ങിവരവിനാലാണ് ലഭ്യമാകുന്നത്.

തുടർന്ന്, കർത്താവ് തന്റെ ശിഷ്യഗണങ്ങൾ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. പുറത്തുനിന്നുള്ളവർ പീഡിപ്പിക്കുന്നതുപോലെ സംഘടനകൾക്കുള്ളിൽ നിന്നും പീഡാനുഭവങ്ങൾ ഉണ്ടാകും. ക്രിസ്തുവിന്റെ നാമത്തിൽ സകലജാതികളും വിശ്വാസികളെ പകയ്ക്കും. പക്ഷേ, വിശ്വാസികൾ ആരെയും പകയ്ക്കരുത്. 'ശത്രുക്കളെ സ്നേഹിക്കുക, ഉപദ്രവിക്കുന്നവർക്കായി പ്രാർത്ഥിക്കുക, ശപിക്കുന്നവരെ അനുഗ്രഹിക്കുക (മത്തായി 5:44, ലൂക്കോസ് 6:27) എന്നാണ് നമ്മുടെ നാഥന്റെ കല്പന. ഉപദ്രവങ്ങൾ സഹിക്കുകയും ചിലർ രക്തസാക്ഷികൾ ആകേണ്ടതായിട്ടും വരുമെന്നാണ് കർത്താവ് ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നത്. അനുഗമനം വില നൽകേണ്ടതാണെന്നാണ് കർത്താവ് ഓർമ്മിപ്പിക്കുന്നത്. ഇത് കർത്താവിനെ ആഴത്തിൽ സ്നേഹിക്കുന്നവർക്ക് മാത്രം സാധ്യമായതാണ്.

ഇങ്ങനെ പ്രശ്നങ്ങൾക്കു നടുവിൽ ആയിരിക്കുമ്പോൾ ആത്മീകസഹോദരങ്ങൾക്കിടയിൽ സ്നേഹം തണുത്തുപോകുന്ന അവസ്ഥ സംജാതമാകുന്നു. അന്യോന്യം അവിശ്വസ്തതയും അവിശ്വാസവും ഉള്ളവരായി സ്നേഹിക്കുവാൻ കഴിയാത്ത അവസ്ഥയിൽ ആയിപ്പോകുന്നു വിശ്വാസികൾ. ഇത് പിശാചിന്റെ ഏറ്റവും വലിയ തന്ത്രമാണ്. ഏതു നിലയിലുള്ള പ്രതികൂലാവസ്ഥകൾ വന്നാലും 'അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും'. നമുക്ക് സഹനശക്തിയും സഹിഷ്ണുതയും വളരെ അത്യാവശ്യം. അതിനാൽ മാത്രമേ നിലനിൽക്കുവാൻ കഴിയൂ. കർത്താവിനെ ആഴത്തിൽ സ്നേഹിക്കുന്നവർ അവസാനത്തോളം സഹിച്ചുനിൽക്കും. ആരെല്ലാം പിന്മാറിയാലും അവർ കർത്താവിനോട് ചേർന്നുനിൽക്കും. കർത്താവിനെയും മറ്റുള്ളവരെയും സ്നേഹിക്കുവാൻ ദൈവകൃപ പ്രാപിച്ച് അവർ നിലനിൽക്കും. നാം ഓരോരുത്തരും അങ്ങനെ നിലനിൽക്കണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്.

**കർത്താവിനെ ആഴത്തിൽ സ്നേഹിക്കുന്നവർ അവസാനത്തോളം സഹിച്ചു നിൽക്കും. ആരെല്ലാം പിന്മാറിയാലും അവർ കർത്താവിനോടു ചേർന്നുനിൽക്കും. കർത്താവിനെയും മറ്റുള്ളവരെയും സ്നേഹിക്കുവാൻ ദൈവകൃപ പ്രാപിച്ച് അവർ നിലനിൽക്കും.**

കർത്താവിനോട് ചേർന്നുനിൽക്കുന്ന ഒരു ചെറിയകൂട്ടം എപ്പോഴും ഉള്ളതുകൊണ്ട് സുവിശേഷപ്രചരണം നടന്നുകൊണ്ടിരിക്കും. ഭൂലോകത്തിൽ ഒക്കെയും വചനം പ്രസംഗിക്കപ്പെടും. സുവിശേഷം എല്ലായിടത്തും എത്തുമ്പോൾ അത് ദൈവത്തിന് അറിയാം, അപ്പോൾ അവസാനം ആകും. •

സൂര്യനെ നിഷേധിക്കുന്നില്ല... പിന്നെയെനിക്ക് എങ്ങനെ 'ആളും തരവും നോക്കി' നന്മ ചെയ്യാൻ കഴിയും? നന്മ, പ്രകാശം പോലെയാണ്. അതിനെ തടഞ്ഞുനിർത്താൻ കഴിയില്ല. അത് പ്രസരിച്ചുകൊണ്ടിരിക്കും! എന്റെ ചെകിട്ടത്തടിക്കുന്നവനെ നോക്കി, 'ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ' എന്നു പറയാൻ എനിക്കു കഴിയണം.... അങ്ങനെ പറയാൻ കഴിയുമ്പോൾ സ്വർഗ്ഗസ്ഥപിതാവ് എന്നോട് ചെറിയ ശബ്ദത്തിൽ പറയും: 'കൊള്ളാം, നീ എന്റെ മകൻ തന്നെ എന്നു തെളിയിച്ചിരിക്കുന്നു' (മത്തായി. 5:45) നാം ഏതു ഗണം അഥവാ വർഗ്ഗത്തിൽ (Genus) പെട്ടവരാണെന്നു തെളിയിക്കുന്നത് നമ്മുടെ പ്രതികരണങ്ങളാണ്.

ഇംഗ്ലഷിൽ ഇങ്ങനെയൊരു ചൊല്ലുണ്ട്: To return evil for evil is beast like, To return good for good is human like, To return evil for good is satan like, To return good for evil is Christ like... തിന്മയ്ക്ക് പകരം തിന്മ ചെയ്താൽ അത് മൃഗതുല്യമാണ്. ഒരു കാള മറ്റൊരു കാളയെ കുത്തിയാൽ ആ കാള തിരികെ കുത്തും. ഒരു പട്ടിയെ മറ്റൊരു പട്ടി കടിച്ചാൽ കഴിയുമെങ്കിൽ ആ പട്ടി തിരികെ കടിക്കും. തിന്മയ്ക്കു പകരം തിന്മ മൃഗീയം! നന്മയ്ക്കു പകരം നന്മ ചെയ്താൽ അത് മാനുഷികം. 'അങ്ങോട്ടുണ്ടെങ്കിൽ ഇങ്ങോട്ടുമുണ്ട്' എന്ന് നാം പലപ്പോഴും പറയാറുണ്ടല്ലോ. അത് മാനുഷികം!

നന്മയ്ക്കു പകരം തിന്മ ചെയ്യുന്നത് പൈശാചികം! ഇന്ന് 'പാലു കൊടുക്കുന്ന കൈയ്ക്കു കടിക്കുന്ന മനുഷ്യസർപ്പങ്ങൾ ധാരാളം! അവരിൽ വ്യാപരിക്കുന്നത് സാത്താന്റെ ആത്മാവു തന്നെ... എന്നാൽ തിന്മയ്ക്കു പകരം നന്മ ചെയ്യുന്നവൻ– തല്ലുന്നവനെ തലോടുന്നവൻ, ശകാരിക്കുന്നവനെ അനുഗ്രഹിക്കുന്നവൻ– അവൻ ആത്മികൻ... അവൻ ക്രിസ്തുവിനോട് അനുരൂപനായിത്തീരുന്നു.

പ്രതികരണത്തിൽ അഭിനയം അത്രയൊന്നും എളുപ്പമല്ല. അതിനാൽ തിന്മയ്ക്കു പകരം നന്മ ചെയ്യാൻ കഴിയുമ്പോൾ എനിക്കറിയാം അതു ചെയ്തത് ഞാനല്ല, എന്നിൽ വസിക്കുന്ന യേശുവാണ്! അത് എന്നിൽ ആശ്വാസവും ആനന്ദവും അഭിമാനവും നല്കുന്നു... അവനെ അനുകരിക്കാൻ പറ്റുന്നതാണ് എന്റെ ഏറ്റവും വലിയ ആശ്വാസം!

**നന്മ, പ്രകാശം പോലെയാണ്. അത് പ്രസരിച്ചുകൊണ്ടിരിക്കും! എന്റെ ചെകിട്ടത്തടിക്കുന്നവനെ നോക്കി, 'ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ' എന്നു പറയാൻ എനിക്കു കഴിയണം...**

കാരണം ഞാൻ മുൻനിർണ്ണയിക്കപ്പെട്ടിരിക്കുന്നതുതന്നെ അതിനായാണ് (റോമർ 8:28). 'നിങ്ങൾ നന്മ ചെയ്യുന്നതിൽ ശുഷ്കാന്തിയുള്ളവർ ആകുന്നുവെങ്കിൽ നിങ്ങൾക്കു ദോഷം ചെയ്യുന്നവർ ആർ? (1 പത്രോസ് 3: 13). എന്താണീ വാക്യത്തിന്റെ അർത്ഥം? നന്മ ചെയ്തുകൊണ്ടു ജീവിച്ചാൽ നിങ്ങൾക്ക് 'ദോഷം' ചെയ്യാൻ ആർക്കും കഴിയുകയില്ല എന്നാണോ? അങ്ങനെയെങ്കിൽ ഒറീസ്സായിൽ കുഷ്ഠരോഗികളുടെയിടയിൽ അവർക്കു നന്മ മാത്രം ചെയ്തുകൊണ്ടു ജീവിച്ച ഗ്രഹാം സ്റ്റെയ്ൻസ് എന്ന ആസ്ത്രേലിയൻ മിഷനറിയെയും അദ്ദേഹത്തിന്റെ രണ്ടു പിഞ്ചുകുഞ്ഞുങ്ങളെയും മതതീവ്രവാദികൾ ഒരു ജീപ്പിനുള്ളിലിട്ട് ചുട്ടുകൊന്ന സംഭവത്തെ– അതുപോലെയുള്ള നൂറു നൂറു പീഡാനുഭവങ്ങളെ നാം എങ്ങനെ വിശദീകരിക്കും...? നന്മ ചെയ്യുന്നവൻ പീഡിപ്പിക്കപ്പെടുകയില്ലെന്നല്ല, ആത്യന്തികമായി അവർക്കു 'ദോഷം' ചെയ്യാൻ ആർക്കും കഴിയുകയില്ല എന്നാണ് പത്രോസ് പറയുന്നത്... 'നീതി നിമിത്തം നിങ്ങൾ 'കഷ്ടം'സഹിക്കേണ്ടിവരും'. എന്നാൽ അവർക്ക് നിങ്ങളുടെ ശരീരത്തെ മാത്രമെ കഷ്ടപ്പെടുത്താൻ കഴിയൂ... 'ദേഹത്തെ കൊന്നിട്ട് പിന്നെ അധികമായി ഒന്നും ചെയ്യാൻ അവർക്കു കഴിയില്ല... അവരെ ഭയപ്പെടരുത്... അതായത്, 'ദേഹത്തെ കൊല്ലുന്നത് വരെയുള്ള പീഡനങ്ങൾ 'കഷ്ട'മാണ് എന്നാൽ 'ദോഷ'മല്ല ... 'ദോഷം' ഒന്നേയുള്ളൂ... നിത്യത നരകത്തിൽ ചെലവിടേണ്ടി വരുന്നത് (ലൂക്കൊസ് 12:5).

നീതിനിമിത്തം കഷ്ടം സഹിക്കേണ്ടിവന്നാലും നിങ്ങൾ ഭാഗ്യവാന്മാർ...(1 പത്രോസ് 3:14). കാരണം,

കഷ്ടം ഈ ഭൂമിയിലേ ഉള്ളൂ... ലഭിക്കുന്ന പ്രതിഫലം നിത്യതയിൽ... സ്വർഗ്ഗത്തിലാണ് അവരുടെ പ്രതിഫലം എന്നുതന്നെയല്ല, സ്വർഗ്ഗം തന്നെയാണ് അവരുടെ പ്രതിഫലം (മത്തായി 5:10–12). നീതി നിമിത്തം പീഡിപ്പിക്കപ്പെടുമ്പോൾ, പീഡിപ്പിക്കുന്നവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കലങ്ങുകയുമരുത്. കാരണം, ആത്യന്തികമായി നിങ്ങൾക്ക് എന്തു സംഭവിക്കണമെന്നു തീരുമാനിക്കുന്നത് നിങ്ങളുടെ പീഡകരല്ല; പ്രത്യുത നിങ്ങളുടെ കർത്താവാണ്. നിങ്ങൾ നിന്ദിക്കപ്പെടുന്നെങ്കിൽ, കഷ്ടപ്പെടുന്നെങ്കിൽ, കൊലചെയ്യപ്പെടുന്നെങ്കിൽ പോലും അത് കർത്താവിന്റെ അറിവോടും അനുവാദത്തോടുമാണ്. യേശുവിനോട് പീലാത്തോസ് പറഞ്ഞു; 'എനിക്കു നിന്നെ ക്രൂശിപ്പാൻ അനുവാദമുണ്ടെന്നും നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ?' എന്തായിരുന്നു യേശുവിന്റെ മറുപടി? 'മേലിൽ നിന്ന് നിനക്കു കിട്ടീട്ടില്ല എങ്കിൽ എന്റെമേൽ നിനക്ക് ഒരു അധികാരവും ഉണ്ടാകയില്ലായിരുന്നു' (യോഹന്നാൻ 19:10,11). സകലവും ആത്യന്തികമായി തീരുമാനിക്കപ്പെടുന്നത് മുകളിൽ നിന്നാണ്. 'അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കലങ്ങുകയും അരുത്. എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ' (1 പത്രോസ് 3:14).

ക്രിസ്തുവാണ് നമ്മുടെ കർത്താവും വിധികർത്താവും. നമ്മുടെ ഭാവി തീരുമാനിക്കുന്നത് നമ്മുടെ പീഡകരല്ല; ക്രിസ്തുവാണ്. അതിനാൽ ഭയപ്പെടേണ്ടത് പീഡകരെയല്ല. വിധിനിർണ്ണയിക്കുന്ന ക്രിസ്തുവിനെ ആദരിക്കുവിൻ. അന്തിമ വിധികർത്താവ് ക്രിസ്തുവാണ്. (ലൂക്കൊസ് 12:4,5). ക്രിസ്തു, ക്രൂശിതൻ മാത്രമല്ല, രാജാവുമാണ്. എന്റെ ജീവിതത്തിന്റെ ഭരണാധികാരി. എന്റെ ഹൃദയത്തിന്റെ സിംഹാസനത്തിൽ ക്രിസ്തു തന്നെയാണ് കർത്താവ്. നിന്ദിക്കപ്പെടുമ്പോഴും ഉപദ്രവിക്കപ്പെടുമ്പോഴും എന്റെ ഹൃദയസിംഹാസനത്തിലിരിക്കുന്നത് ക്രിസ്തു തന്നെ. മറ്റൊരാളും, മറ്റൊന്നും അവിടെയിരിക്കാൻ ഞാൻ അനുവദിക്കില്ല. പീഡനവും ദുരിതവും ഒരു യാഥാർത്ഥ്യമാണ്. തകർത്തുകളയുമെന്ന ശത്രുഭീഷണി മുന്നിലുണ്ട്. എന്നാൽ ഭീഷണിക്ക് എന്റെ ഹൃദയത്തിന്റെ കർത്താവിനെ സിംഹാസനത്തിൽ നിന്നു താഴെയിറക്കാൻ കഴിയില്ല. യേശുതന്നെ എന്റെ ഹൃദയത്തിന്റെ കർത്താവ്.

**ക്രിസ്തു, ക്രൂശിതൻ മാത്രമല്ല, രാജാവുമാണ്. എന്റെ ജീവിതത്തിന്റെ ഭരണാധികാരി. എന്റെ ഹൃദയത്തിന്റെ സിംഹാസനത്തിൽ ക്രിസ്തു തന്നെയാണ് കർത്താവ്. നിന്ദിക്കപ്പെടുമ്പോഴും ഉപദ്രവിക്കപ്പെടുമ്പോഴും എന്റെ ഹൃദയത്തിൽ സിംഹാസനത്തിലിരിക്കുന്നത് ക്രിസ്തു തന്നെ.**

എന്റെ പ്രതികരണങ്ങളുടെ കർത്താവും ക്രിസ്തുതന്നെ! എന്റെ അടുത്തുവരുന്ന ആർക്കും പകുത്തുനൽകാനായി താനൊരു അനുഗ്രഹഭണ്ഡാരം എന്നെ സൂക്ഷിക്കാൻ ഏൽപിച്ചിരിക്കയാണ്. ഒരാൾ അനുഗ്രഹവുമായി വരുമ്പോൾ എന്റെ ഹൃദയത്തിന്റെ കർത്താവ് എന്നോടു പറയുന്നു: അതു വാങ്ങിവെച്ചോളൂ... പകരം ഇരട്ടി അനുഗ്രഹം അയാൾക്ക് അളന്നു കൊടുത്തേക്കൂ... അപ്പോഴായിരിക്കും ഒരാൾ ശകാരവുമായി വരുന്നത്... ക്രിസ്തു, എന്റെ ഹൃദയത്തിന്റെ കർത്താവ് എന്നെ നോക്കി പുഞ്ചിരിക്കുന്നു! 'അത്– ശകാരം– ചവറ്റുകുട്ടയിൽ എറിഞ്ഞുകളഞ്ഞേര്. പകരം ഒരു മൂന്നിരട്ടി അനുഗ്രഹം തിരിച്ചുകൊടുത്തേക്കൂ... പാവം... ഇല്ലാത്ത ആളല്ലേ! അയാൾക്ക് കൊടുക്ക്... അയാളും അനുഗ്രഹം അനുഭവിക്കട്ടെ'!

നമ്മുടെ ഹൃദയത്തിന്റെ, ഇഷ്ടങ്ങളുടെ, പ്രതികരണങ്ങളുടെ കർത്താവ് യേശുമാത്രം ആയിരിക്കുന്നതിനാൽ നന്ദി ഉള്ളവരായിരിക്കാം. പ്രതികരണങ്ങളുടെ നേരത്ത് പൊന്തിവരുവാൻ മാലിന്യങ്ങളുടെ ഒരു പൊടിപോലും ഇല്ലാതെ ദൈവം നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കട്ടെ. അടുത്തുവരുന്ന ആരെയും അളവുകൂടാതെ അനുഗ്രഹിക്കേണ്ടതിന് നമ്മെ അനുഗ്രഹത്തിന്റെ ഒരു ഭണ്ഡാരമായി ദൈവം എന്നുമെന്നും കാക്കുവാൻ സമർപ്പിക്കാം. ●

ന്നു. പത്ത് കാളകളെ വാങ്ങുന്നതിനുമുമ്പ് അവ നല്ലതായി കാണപ്പെട്ടിരിക്കാം. തന്റെ കാളകളെ അവ നല്ല ആരോഗ്യമുള്ളതോ, ഊനമില്ലാത്തതോ എന്ന് പരീക്ഷിക്കുന്നത് നിയമാനുസൃതവും ഉത്തരവാദിത്തമുള്ളതുമായ ഒരു കാര്യമായിരുന്നു. ഈ മനുഷ്യൻ എവിടെയാണ് പാപം ചെയ്തത്? ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കുന്നതിനേക്കാൾ തന്റെ സമയവും ആരോഗ്യവും മൃഗസമ്പത്തും പരിപാലിക്കുവാൻ ചെലവഴിച്ചു. ഈ വിരുന്നിൽ പങ്കെടുത്തതിന് ശേഷം തന്റെ കാളകളെ അടുത്ത ദിവസമോ എപ്പോഴെങ്കിലുമോ പരീക്ഷിക്കാമായിരുന്നു.

ക്ഷണിക്കപ്പെട്ട അവസാനത്തെ അതിഥി പറഞ്ഞു: ഞാൻ വിവാഹം കഴിച്ചു, അതുകൊണ്ട് എനിക്ക് വരാൻ കഴിയില്ല. വിവാഹം കഴിക്കുന്നതിനേക്കാൾ നിയമാനുസൃതമായി മറ്റൊന്നുമില്ല. ഭാര്യയെ കണ്ടെത്തുന്ന പുരുഷൻ ഒരു നല്ല കാര്യം കണ്ടെത്തുന്നുവെന്ന് ബൈബിൾ പറയുന്നു (സദൃശവാക്യങ്ങൾ 18:22). ഈ മനുഷ്യൻ വിവാഹം ചെയ്തത് തെറ്റല്ല. കുടുംബത്തോടുള്ള സ്നേഹം നല്ലതാണ്. എങ്കിലും ദൈവത്തെക്കാൾ തന്റെ കുടുംബത്തിന് പ്രഥമസ്ഥാനം നൽകിയതിലൂടെ പാപം ചെയ്തു! ഈ മനുഷ്യന് തന്റെ ഭാര്യയെ വിരുന്നിന് കൊണ്ടുവരാമായിരുന്നു. അയാൾക്ക് തന്റെ ഭാര്യയോട് ഇങ്ങനെ പറയാമായിരുന്നു: ജീവിതത്തിൽ കർത്താവ് എപ്പോഴും ഒന്നാമനായിരിക്കണം. ദൈവത്തിന്റെ സ്ഥാനം മറ്റൊന്നും ഏറ്റെടുക്കാൻപാടില്ല. കുടുംബത്തിന് കർത്താവിനേക്കാൾ സ്ഥാനം കൊടുക്കുന്ന ഈ പാപം ആത്മീയവരൾച്ചയ്ക്ക് നിദാനമാകുന്ന പാപങ്ങളിൽ ഒന്നാണ്. മറ്റെല്ലാക്കാര്യങ്ങൾക്കും തിരക്കിട്ട് പോകാൻ അവർക്ക് ധാരാളം സമയമുണ്ട്! അവർ നിരന്തരം ഓടിനടന്ന് കുട്ടികൾക്കായി പ്രത്യേക കാര്യങ്ങൾ ചെയ്യുന്നു. നൃത്ത ക്ലാസുകൾ, സംഗീതപാഠങ്ങൾ, പാർട്ടികൾ, പിക്നിക്കുകൾ, സ്പോർട്സ്, ഷോപ്പിംഗ് എന്നിവയ്ക്കായി സമയം കണ്ടെത്തുന്നു. എന്നാൽ കർത്താവിന്റെ കാര്യങ്ങൾക്കായി സമയം കണ്ടെത്തുന്നതേയില്ല.

ആഡംബരവും ലൗകിക ഉല്ലാസങ്ങളും സ്വന്തമോഹങ്ങളും സമൃദ്ധിയും നിറഞ്ഞ ഇത്യാദി കാര്യങ്ങൾക്കുവേണ്ടി മാത്രം സമയം ചെലവഴിച്ച്,

**വിരുന്നിൽ പങ്കെടുക്കാതെ ആ ക്ഷണം നിരസിച്ചിരുന്നവർ ചെയ്തിരുന്ന കാര്യങ്ങൾ എല്ലാം മറ്റുള്ളവരുടെ ദൃഷ്ടിയിൽ നല്ലതും നിയമാനുസൃതവുമായിരുന്നു. എന്നാൽ ദൈവത്തിനു പ്രഥമ സ്ഥാനം കൊടുക്കുവാനുള്ള എല്ലാ അവസരങ്ങളും ഈ മനുഷ്യർ കവർന്നെടുത്തപ്പോൾ അവർ ക്ഷമ ലഭിക്കാത്ത പാപികളായി മാറി.**

ദൈവവുമായുള്ള അടുപ്പത്തിനും കൂട്ടായ്മയ്ക്കുമുള്ള ക്ഷണം നിരസിച്ചു എന്നതാണ് ഇന്നും പലരും ചെയ്തു വരുന്ന ഗുരുതരമായ പാപം. വിരുന്നിൽ പങ്കെടുക്കാതെ ആ ക്ഷണം നിരസിച്ചിരുന്നവർ ചെയ്തിരുന്ന കാര്യങ്ങൾ എല്ലാം മറ്റുള്ളവരുടെ ദൃഷ്ടിയിൽ നല്ലതും നിയമാനുസൃതവുമായിരുന്നു. എന്നാൽ ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കുവാനുള്ള എല്ലാ അവസരങ്ങളും ഈ മനുഷ്യർ കവർന്നെടുത്തപ്പോൾ അവർ ക്ഷമ ലഭിക്കാത്ത പാപികളായി മാറി. യേശുവിനോടൊപ്പം സമയം ചെലവഴിക്കുവാൻ ലഭിക്കുന്ന അവസരങ്ങൾ നാം തക്കത്തിൽ ഉപയോഗിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിലെ ആത്മീയഭോജനം ആസ്വദിച്ച് ദൈവം നല്ലവനെന്നു രുചിച്ചറിയുവാൻ എങ്ങനെ സാധിക്കും?

കർത്താവു ക്ഷണിച്ചതു ഒരു ആക്ഷരിക വിരുന്നിലേക്കല്ല, അതിനെ ഒരു രൂപകം അഥവാ ദൃഷ്ടാന്തം ആയി സംസാരിച്ചു എന്നാണ് മനസ്സിലാക്കേണ്ടത്. ആത്മാവിനെ പോഷിപ്പിക്കുന്ന വചനത്തിന്റെ മർമ്മങ്ങൾ വിശകലനം ചെയ്ത്, പഠിതാക്കളെ ആത്മികവർദ്ധനവിലേക്കും, തദ്വാരാ ക്രിസ്തു എന്ന തലയോളം സമ്പൂർണ്ണ വളർച്ചയിലേക്കും നയിക്കുന്ന ആത്മിക വിരുന്നിലേക്കാണ്. അത്തരം അവസരങ്ങൾ പാഴാക്കുന്നവർ ഗുരുതര ഭവിഷ്യത്തിലേക്കാണ് നീങ്ങുന്നത് •

# തട്ടിപ്പിന്റെ പുതിയ മുഖഭാവങ്ങൾ

ബഹുവിധ തട്ടിപ്പുകളെക്കുറിച്ച് കേട്ടിട്ടുള്ളവരാണ് നാം. സൈബർ തട്ടിപ്പ് എന്ന പേരിൽ വ്യത്യസ്ത നിലകളിൽ ആണ് അനേകർ വഞ്ചിക്കപ്പെടുന്നത്. അഭ്യസ്തവിദ്യരും സമൂഹത്തിൽ അറിയപ്പെടുന്ന ഉന്നതരുമായ പലരും ഈ തട്ടിപ്പിൽ അകപ്പെട്ടത് വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൈബർ തട്ടിപ്പുമായി ബന്ധപ്പെട്ടു കേൾക്കുന്ന വാർത്തയാണ് വെർചൽ അറസ്റ്റ്. അതിൽ അകപ്പെടാതിരിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്?

സാധാരണക്കാരുടെ മനസ്സിൽ പോലും ഭീതി നിറയ്ക്കുന്ന ഇത്തരം ചോദ്യങ്ങൾ ഉയർന്നു കൊണ്ടിരിക്കുന്നു. കള്ളപ്പണം വെളുപ്പിക്കൽ ആരോപിച്ച്, വിരമിച്ച സർക്കാർ ഉദ്യോഗസ്ഥനെ ഒരാഴ്ചയോളം ഭീഷണിയുടെ തടങ്കലിൽ ആക്കിയ സംഭവം അടുത്തകാലത്ത് നടന്നതാണ്. മുംബൈ പോലീസെന്ന വ്യാജേനയാണ് 2025 ഡിസംബർ 17 മുതൽ എത്തിയ ഫോൺ കോളുകളിലൂടെ 74 കാരനെ സംഘം കുടുക്കിയത്. ബാങ്കിലെത്തി മഹാരാഷ്ട്രയിലേക്കും കർണാടകയിലേക്കും അജ്ഞാത അക്കൗണ്ടുകളിലേക്ക് പണം മാറ്റാനുള്ള ശ്രമം അസിസ്റ്റന്റ് മാനേജരുടെ ശ്രദ്ധയിൽപ്പെട്ടത് തട്ടിപ്പ് പൊളിക്കാൻ പൊലീസിന് സാഹായമായി.

വെർചൽ അറസ്റ്റുമായി ബന്ധപ്പെട്ട നിരവധി ബോധവത്കരണങ്ങൾ പൊലീസും സർക്കാരും നൽകിയിട്ടും ആളുകൾ വീണ്ടും പറ്റിക്കപ്പെടുകയാണെന്നതിന്റെ ഉദാഹരണമാണ് അടുത്ത സമയങ്ങളിൽ തുടർച്ചയായി വഞ്ചിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ആളുകളുടെ തുറന്നുപറച്ചിലുകൾ.

സൈബർ തട്ടിപ്പുസംഘങ്ങളുടെ പുതുരീതിയാണ് വെർചൽ അറസ്റ്റ്. സി.ബി.ഐ, കസ്റ്റംസ്, കേന്ദ്ര ഇന്റലിജൻസ് എന്നിങ്ങനെ പല പേരുകളിൽ സമീപിക്കും. ബിസിനസ്സുകാരെയും പണക്കാരെയുമാണ് വലയിലാക്കുന്നത്. ഉന്നത ഉദ്യോഗസ്ഥരുടെ പേരിലോ കൊരിയർ കമ്പനികളുടെ പേരിലോ തുടക്കത്തിൽ ബന്ധപ്പെടും. വിശ്വാസ്യതയ്ക്ക് ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യൂണിഫോമിൽ വീഡിയോ കോളിൽ പ്രത്യക്ഷപ്പെടും. കേസിൽനിന്ന് രക്ഷപ്പെടാനും അറസ്റ്റ് ഒഴിവാക്കാനുമാണ് പണം ആവശ്യപ്പെടുക. പണമടച്ചശേഷവും ഭീഷണി തുടരും.

ഒരു അന്വേഷണ ഏജൻസിയും വെർചൽ അറസ്റ്റ് നടത്തില്ലെന്ന് പൊലീസ് അധികാരികൾ വ്യക്തമാക്കുന്നു. യഥാർത്ഥ പോലീസ്, അന്വേഷണത്തിന്റെ ഭാഗമായി ഫണ്ട് കൈമാറാനും ആവശ്യപ്പെടില്ല. സംശയാസ്പദ ഇടപാടിൽ വേണ്ടിവന്നാൽ അക്കൗണ്ടുകൾ മരവിപ്പിക്കുക മാത്രമേ ചെയ്യാറുള്ളൂ.

ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ നമുക്ക് ഇത്തരം ചതിക്കുഴിയിൽ നിന്ന് തീർച്ചയായും രക്ഷപ്പെടുവാൻ സാധിക്കും. സംശയാസ്പദ നിലയിലുള്ളതും ഭയപ്പെടുത്തുന്നതും ആയ ആശയവിനിമയം ഫോണിലൂടെ ആരെങ്കിലും നടത്തിയാൽ എത്രയും പെട്ടന്ന് പൊലീസിനെ അറിയിക്കുക. സാമ്പത്തിക വിശദാംശങ്ങൾ ഒരിക്കലും പങ്കിടുകയും അരുത്.

ഏതെങ്കിലും നിലയിൽ സൈബർ തട്ടിപ്പിന് വിധേയപ്പെട്ടാൽ തുടർന്നുള്ള 24 മണിക്കൂർ ഏറ്റവും പ്രധാനപ്പെട്ടതാണ്. ആ സമയത്തിനുള്ളിൽ 1930 എന്ന നമ്പറിൽ അറിയിച്ചാൽ പ്രതികളിലേക്ക് അതിവേഗത്തിൽ എത്താൻ അന്വേഷണ ഏജൻസികൾക്ക് സാധിക്കും. അക്കൗണ്ടുകൾ മരവിപ്പിക്കുന്നത് ഉൾപ്പെടെയുള്ള നടപടികളിലൂടെ ഫണ്ട് കൈമാറ്റം തടയാം. എങ്കിലും ഇത്തരം തട്ടിപ്പുകളെക്കുറിച്ചുള്ള ബോധവൽക്കരണം ഇനിയും വ്യാപകമാക്കേണ്ടതുണ്ട്. കഴിവിന്റെ പരമാവധി അധികാരികൾ ഇതിനായി പരിശ്രമിക്കേണ്ടതും പൊതുജനം അവരോട് സഹകരിക്കേണ്ടതും അനിവാര്യമാണ്.

സൈബർ തട്ടിപ്പിൽ ജാഗ്രത പുലർത്തേണ്ടതുപോലെ തന്നെ ആത്മീകമേഖലയിൽ വഞ്ചിക്കപ്പെടാതിരിക്കാനും ശ്രദ്ധിക്കണം. അതിശയോക്തി കലർത്തിയും ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞും ആളുകളെ തെറ്റിദ്ധരിപ്പിച്ച് അതിലൂടെ സാമ്പത്തിക നേട്ടവും പ്രസിദ്ധിയും ആഗ്രഹിക്കുന്ന ആത്മീയ തട്ടിപ്പുകാരെയും വിശ്വാസ സമൂഹം തിരിച്ചറിയേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. തട്ടിപ്പ്, ആത്മീകമേഖലയിൽ ആണെങ്കിലും ഭൗതികമേഖലയിൽ ആണെങ്കിലും ഇത് ശിക്ഷാർഹമാണ്. അതിന്റെ പുറകിൽ വ്യാപരിക്കുന്ന വ്യാജത്തിന്റെ ആത്മാവിനെ നാം ദൈവകൃപയിൽ ആശ്രയിച്ച് തിരിച്ചറിയുകയും വഞ്ചിക്കപ്പെടാതെ നമ്മെത്തന്നെ സൂക്ഷിക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

# ഓരോ ദിവസവും വിലയേറിയത്

വർഷാരംഭം മുതൽ വർഷാവസാനം വരെയുള്ള ഓരോ ദിവസവും വിലയേറിയത് തന്നെ! പുതുവത്സരപ്പിറവിയുടെ ആദ്യദിനങ്ങളിൽ തീരുമാനങ്ങളും ദൗത്യബോധവും ഉണർത്തപ്പെടും എങ്കിലും ചില ആഴ്ചകൾ പിന്നിടുമ്പോൾ ഉണർവും ചൈതന്യവും ഒക്കെ നഷ്ടപ്പെട്ട് വിരസത ജീവിതത്തിലേക്ക് കടന്നുവരുക സ്വാഭാവികമാണ്. എന്നാൽ യേശു ക്രിസ്തുവിൽ വീണ്ടുംജനിച്ച ഓരോ ദൈവപൈതലിനും ജീവിതം വിരസമാകാനുള്ള തല്ല; പ്രത്യുത ക്രിയാത്മകമാകാനും ചൈതന്യവത്താകാനും ഉള്ളതാണ്. അതുകൊണ്ടാണ് ബുദ്ധിയുള്ള ആരാധനയെന്താണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് മനസ്സ് പുതുക്കി രൂപാന്തരപ്പെടണമെന്ന് വിശുദ്ധ പൗലോസ് അനുശാസിക്കുന്നത്. ഈ അനുശാസനത്തിന്റെ പൂർണ്ണമായ അർത്ഥം ഇങ്ങനെയാണ്: ഈ ലോകത്തിന് അനുരൂപരാകാതെ, നിങ്ങളുടെ മനസ്സിനെ നവീകരിച്ച് രൂപാന്തരപ്പെട്ട്, ദൈവഹിതം എന്തെന്ന് നന്മയായതും സ്വീകാര്യമായതും പൂർണ്ണമായതും എന്തെന്ന് തിരിച്ചറിയുക (റോമർ12:2).

ഉവ്വ്, ഓരോ ദിവസത്തെ നമ്മുടെ ജീവിതവും ദൈവവിഷയമായി സമ്പന്നമായിരിക്കണം. ഓരോ ദിവസവും ക്രിസ്തുവിനെ കൂടുതൽ ആഴത്തിൽ അനുഭവിച്ചറിയുന്നതും കർത്താവിനെ ഏറെ പ്രിയമായി സ്നേഹിക്കുന്നതും അവിടുത്തോടൊപ്പം ചേർന്നുനടക്കുന്നതും ആണ് ചൈതന്യവത്തായ ജീവിതം! അപ്പോൾത്തന്നെ ഓരോ ദിവസവും പിശാചും നമ്മെ മടുപ്പിക്കുവാനുള്ള തന്ത്രങ്ങൾ മെനഞ്ഞു കൊണ്ടിരിക്കുമെന്ന കാര്യവും നാം മറക്കരുത്. ലോകത്തിന്റെ മായക്കാഴ്ചകൾ ചിലപ്പോൾ നമ്മുടെ വിലയേറിയ ജീവിതത്തെ വിലകുറഞ്ഞ ജീവിതമാക്കി മാറ്റുവാൻ ഇടയുണ്ട്! അത് ചിലപ്പോൾ ജീവിതനൈരാശ്യത്തിലേക്കും നിഷ്ക്രിയത്വത്തിലേക്കും നമ്മെ കൊണ്ടെത്തിക്കും.

അതെ, വിശുദ്ധവും നിർമ്മലവുമായ ഭക്തിയിലൂടെ മാത്രമേ നമ്മുടെ ജീവിതത്തിന്റെ ഓരോ ദിനവും അർത്ഥവത്താവുകയുള്ളൂ, ഫലകരമാകയുള്ളൂ...

**-എംസി**

RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

*Bank Account Details:*
Righteous Path Publication Trust
A/c No. 031505300011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.01.2026

NERVEEDHI JANUARY 2026
Annual Subscription ` 250.00
(Per copy ` 25.00)

Postal Registration No.
KL/KTM/150/2023-2025


## ആർ. പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ

വേദപുസ്തകത്താളുകളിൽ കുറിക്കപ്പെട്ടിട്ടുള്ള പലരും ജീവിതകാലത്ത് വേണ്ടവിധം അംഗീകാരം ലഭിച്ചവരോ അർഹമായവിധം പ്രശംസിക്കപ്പെട്ടവരോ ആയിരുന്നില്ല. എന്നാൽ, "മരിച്ചശേഷവും അവർ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു" (എബ്രായർ11:4). അവരാരും തന്നെ മനുഷ്യരാലുള്ള മാനം ലക്ഷ്യമാക്കി പ്രവർത്തിച്ചവരുമല്ല. ഉള്ളിൽ ജ്വലിച്ച വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടന്നവരും ഭാവികാലമോർത്ത് ആനന്ദിച്ചവരുമാണവർ.










ഇപ്പോൾ ലഭ്യമാണ്


SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
:8589819293, 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.